# ഭാഗം 2

ജീവിതാനുഭവങ്ങളുടെ വൈവിധ്യം സാഹിത്യത്തിന് എന്നും വിഷയമായിട്ടുണ്ട്. അനുഭവങ്ങളും ചിന്തകളും സമന്വയിപ്പിച്ച് പുതിയ അവബോധം സൃഷ്ടിക്കാൻ സർഗധനരായ സാഹിത്യകാരന്മാർക്കു കഴിയും. വിവരണം വൈകാരികമാകുമ്പോൾ ഭാഷ കവിതയോടടുക്കുന്നു.

ഹിമാലയത്തിന്റെ ഔന്നത്യവും സൗന്ദര്യവും ജോസഫ് മുണ്ടശ്ശേരിയിൽ ഉണർത്തിയ അനുഭൂതികളും ചിന്തകളുമാണ് വിന്ധ്യഹിമാലയങ്ങൾക്കിടയിൽ എന്ന ലേഖനം. ഭാരതീയ ചിന്തയുടെ ഉന്നതശൃംഗമായും കാവ്യഭാവനയുടെ വിഹായസ്സായും കരുതിപ്പോരുന്ന ഹിമാലയ പർവതത്തെ വാഴ്ത്താത്തവരില്ല. ഉപനിഷത്തിന്റെയും കാളിദാസകൃതികളുടെയും ജന്മഭൂമിയായ ഈ പർവതരാജന് മാനവവംശവുമായി ബന്ധപ്പെട്ട ഏറെ ചരിത്രകഥകൾ പറയുവാനുണ്ട്. ഭാരതീയ സാഹിത്യത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള ഒരന്വേഷണം കൂടിയാണ് മുണ്ടശ്ശേരിയുടെ ലേഖനം.

സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളിലൂടെ ശ്രദ്ധേയനായിത്തീർന്ന എം.ആർ.ബി. മലയാളസാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. പരിവർത്തനോന്മുഖമായ കാഴ്ചപ്പാട് വികസിപ്പിക്കാൻ എം.ആർ.ബിക്ക് അവസരം ഒരുക്കിയ ചിന്താധാരകളെയും വ്യക്തികളെയും അനുസ്മരിക്കുന്ന ലേഖനമാണ് പിൻനിലാവിൽ. ഭാഷയുടെ സ്വാഭാവികമായ പ്രവാഹം കൊണ്ട് എം.ആർ.ബിയുടെ ലേഖനങ്ങൾ വായനക്കാരന്റെ തന്നെ അനുഭവമായിത്തീരുന്നു. കേരളീയ സാമൂഹിക ജീവിതത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കാനും അതിനു കരുത്തേകിയ വ്യക്തിത്വങ്ങളെ സ്മരിക്കാനും ഈ ഉപന്യാസം സഹായകമാകും.

അരങ്ങത്ത് എന്നും നിറഞ്ഞു നിന്നിട്ടുള്ള നടന്റെ അണിയറസ്മരണകളാണ് തിക്കോടിയന്റെ 'അരങ്ങു കാണാത്ത നടൻ' എന്ന ആത്മകഥ. നാടകവേദിയിലെ നടനായി അരങ്ങിലെത്തിയില്ലെങ്കിലും സാമൂഹിക ജീവിതത്തിൽ തിക്കോടിയൻ പതിപ്പിച്ച വ്യക്തിമുദ്ര അവിസ്മരണീയമാണ്. മലയാള നാടകവേദിക്ക് തന്റെ രചനകളിലൂടെ ശക്തി പകർന്ന തിക്കോടിയന്റെ കുട്ടിക്കാലാനുഭവങ്ങളാണ് പാഠഭാഗത്ത് പരിചയപ്പെടുന്നത്. കൗതുകകരങ്ങളായ ഏറെ രംഗങ്ങൾ. പൊട്ടിച്ചിരിപ്പിക്കുകയും ഊറിച്ചിരിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ. ഒപ്പം ഒരു കലാപ്രസ്ഥാനത്തിന്റെ ചരിത്രം. ഇതൊക്കെയാണ് അദ്ദേഹം 'അന്നത്തെ നാടകം' എന്ന ലേഖനത്തിലൂടെ നമുക്ക് പകർന്നുതരുന്നത്.

ഭാഷയുടെ കരുത്തും ആർജവവും ഉൾക്കൊള്ളാനും രചനകളിൽ തനതു വ്യക്തിത്വവും ശൈലിയും പുലർത്താനും ഈ പാഠങ്ങൾ സഹായകമാകും.

ഈ ഭാഗത്തിന്റെ പഠനം കൊണ്ട് താഴെ പറയുന്ന കഴിവുകൾ നേടാൻ കഴിയും.

- അനുഭവങ്ങൾ ശക്തവും വ്യക്തവുമായ ഭാഷയിൽ ആവിഷ്കരിക്കുന്നതിന്
- ഗദ്യഭാഷയിലെ അലങ്കാരകല്പനകൾ വിശദീകരിക്കുന്നതിന്
- വാർത്താവിനിമയവുമായി ബന്ധപ്പെട്ട ഭാഷാവ്യവഹാരങ്ങളിൽ പ്രാവീണ്യം നേടുന്നതിന്
- ആശയങ്ങൾ സംഗ്രഹിച്ചും വിപുലീകരിച്ചും ആവിഷ്കരിക്കുന്നതിന്
- വാക്യഘടകങ്ങളും അവയുടെ പരസ്പരബന്ധവും വേർതിരിച്ചറിയുന്നതിന്
- ഇതര ഭാഷകളിൽനിന്ന് ഗ്രഹിച്ച ആശയങ്ങൾ മലയാളത്തിൽ ആവിഷ്കരിക്കുന്നതിന്

# 4. വിന്ധ്യഹിമാലയങ്ങൾക്കിടയിൽ

ആ യാത്രയിൽവച്ച് ഒരു കാര്യം ബോധ്യമായി-ഇംഗ്ലീഷ് സാഹിത്യത്തിന്റെ പൊരുളറിയാൻ ഇംഗ്ലണ്ടിൽ പോകണമെങ്കിൽ ഇന്ത്യൻ സംസ്കാരത്തിന്റെ വൈചിത്ര്യങ്ങളോരോന്നും യഥായഥമവധാരണം ചെയ്യാൻ ഇന്ത്യയിലങ്ങോളമിങ്ങോളം- വിശേഷിച്ച് വിന്ധ്യഹിമാലയങ്ങൾക്കിടയിൽ- ഒന്നു നടന്നുനോക്കുക തന്നെ വേണം. ആർക്കായാലും കാര്യങ്ങൾ ഏട്ടിൽ കാണുന്നതിലുമധികം സുഗ്രഹമായിത്തീരും, നിശ്ചയം. ഏട്ടിൽ യാതൊന്നും കാണാത്തവരായാലോ? ആ ശരി, അവരെക്കുറിച്ചോർക്കായ്കയില്ല. ഇന്ത്യയുടെ ഒരറ്റത്തുനിന്നു മറ്റേ അറ്റത്തോളം പാഴ്സൽ പോലെ പോയിവരുന്നവരുണ്ട്, പ്രത്യേകിച്ചിക്കാലത്ത് (1939-45). ഞാനുദ്ദേശിക്കുന്നത് ഇറങ്ങിയാൽ കയറുന്നതുവരെ കണ്ണുമിഴിച്ചു നോക്കാനും കാണുന്നതൊക്കെ കരൾക്കുളുർമയോടെ ഗ്രഹിക്കാനും കൗതുകമുള്ള യാത്രക്കാരെമാത്രം. അമ്മാതിരി നോട്ടക്കാരിൽ നിന്ന് ഒരു ഹിലയർബെല്ലക്കോ സോമർസെറ്റ് മോമോ റ്റി. ഇ. ലാറൻസോ മലയാളത്തിൽ ഉണ്ടായെങ്കിൽ!

ഈ രാജ്യത്തിന്റെ വടക്കേ അറ്റത്ത് നമ്മുടെ നൂലാമാലകളിൽ നിന്നെല്ലാം പിൻവാങ്ങി ഉയർന്നുയർന്നങ്ങനെ പോയി മേഘവീഥിയെയും പിന്നിട്ടു മാനസസരസ്സിലെ ഹംസങ്ങളുമായി ബ്രഹ്മാണ്ഡതത്ത്വങ്ങളെക്കുറിച്ചാലോചിച്ചങ്ങനെ നിൽക്കുന്ന ഹിമവാനെ കാണുമ്പോൾ ഇന്ത്യയുടെ അധ്യാത്മസമ്പത്താകെ ഒരിടത്തു കൂമ്പാരം കൂട്ടിയതുപോലെ തോന്നും. അവിടെ ചെന്നാൽ മതിയാകും, കുമാരസംഭവത്തിന്റെയും മറ്റും വ്യംഗ്യചമൽക്കാരാതിശയം ആസ്വാദ്യമായിത്തീരാൻ. പൗരാണികകവിയുടെ ഭാവനയിൽ ഹിമാലയം- ഭയാനകമായ ആ പർവതപംക്തി-ആദിദ്രാവിഡ സംസ്കാരത്തിൽ ആൻ (ഈശ്വരൻ) ആയിരുന്ന ശിവന്റെ സമാധിപദമായതിൽ എന്തൊരൗചിത്യം! ഹിമാലയശൃംഗത്തിൽ ഒരു വെള്ളിപ്പൊട്ടെന്ന കണക്കുദിച്ചുയരുന്ന പൂന്തിങ്കളിനെയും അതിന്റെ മഞ്ജുളമയൂഖങ്ങൾ തട്ടി ഓളംതുള്ളിക്കുത്തിമറിഞ്ഞൊഴുകിപ്പോകുന്ന ഭാഗീരഥിയെയും ശിവശീർഷത്തിനലങ്കാരങ്ങളാക്കിയതോ? പറയാനില്ല. എല്ലാം ആ പ്രാചീന കവികല്പനയിൽ ചേരേണ്ട വിധം ചേർന്നവ തന്നെ. പോരെങ്കിൽ അതാ ഒരു പാർവതീ കല്പന കൂടി. ഭൂതധാത്രിയാവുകയാൽ ആദിദ്രാവിഡർ എല്ലാവരുടെയുമമ്മയായെണ്ണി (മാ, അമാ) വലിയൊരു ദേവതയാക്കി പൂജിച്ച ഭൂമിയെ മാമലയുടെ അരുമത്തയ്യലാക്കി കല്പിച്ചതു നന്നായിട്ടുണ്ട്. പിന്നാലെ പാർവതീ പരമേശ്വരന്മാർ തമ്മിലൊരു വിവാഹം. - ജഗൽപിതാക്കൾ തമ്മിൽ. അതിലൊരു സന്താനം സുബ്രഹ്മണ്യൻ. ഈ വിവാഹകഥയും ആര്യപൂർവന്മാരിൽനിന്നാഗതമാണ്. എല്ലാറ്റിനും ആര്യന്മാർ പേരും പരിസരവും കൊണ്ട് ഒരു നൂതനത വരുത്തിയെന്നേയുള്ളു. ആ പൊളിച്ചെഴുതിയ വിവാഹം കൊണ്ട് ഇന്ത്യയിലെ ആര്യദ്രാവിഡ സങ്കരമല്ലേ ഉദ്ദിഷ്ടം? ആണെങ്കിൽ അങ്ങനെ. ഏതായാലും ആ പഴങ്കഥയിൽ നിന്നു പരാർധ്യമായൊരു കാവ്യം സംസ്കൃതത്തിൽ പൊട്ടിവിരിഞ്ഞു - കുമാരസംഭവം. അതിന്റെ യശ:പടഹങ്ങളായ ഒന്നും മൂന്നും അഞ്ചും സർഗങ്ങൾ ഹിമാലയത്തിൽ ഇന്നും കാണാം. 'അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ' എന്നു തൊട്ടു പർവതവർണനാപരങ്ങളായ പതിനേഴു ശ്ലോകങ്ങളിലും തനി റിയലിസം തന്നെ. അതൈലപൂരങ്ങളായ ദീപങ്ങളെപ്പോലെ ഇരുട്ടിൽ ശോഭിക്കുന്ന ആ ഔഷധിവിശേഷങ്ങൾ കൂടി അന്നത്തെപ്പോലെ ഇന്നും അവിടെയുണ്ട്. മൂന്നാം സർഗത്തിൽ വസന്തഭൂഷിതമായ ഹൈമവതവനത്തിന്റെ ഒരു ഭാഗത്തു നിന്നു സർവാംഗമോഹിനിയായ പാർവതി വനദേവതമാരാൽ അനുപ്രയാതയായി പുഷ്പങ്ങളുമേന്തി 'സഞ്ചാരിണീപല്ലവിനീ ലതേവ' മന്ദം മന്ദം കൈലാസത്തിലേക്കു ഗമിക്കുന്നതും ആ ഹിമധവളിതമായ ആസ്ഥാനത്തിൽ സമാധിഗതനായി ശിവനങ്ങനെ ഇരിക്കുന്നതും അവർക്കിടയിൽ ഒരു കോണിലൊളിഞ്ഞ് മദനൻ വില്ലുകുലച്ചുന്നം നോക്കി നിൽക്കുന്നതും പെട്ടെന്ന് ഗൗരവക്ഷതി വന്നതായറിയുമ്പോഴേക്കും ശിവന്റെ കണ്ണിൽ

നിന്നു കോപം അഗ്നിയായി ചൊരിയുന്നതുമൊക്കെ ഹിമാലയത്തിൽ കയറുമ്പോൾ പ്രത്യക്ഷാനുഭവമാണ്! ലതകളും പൂക്കളും നികുഞ്ജങ്ങളും ദേവദാരുമരങ്ങളും ഇടതിങ്ങി ഒന്നിനുമേൽ മറ്റൊന്നായി തൊട്ടുതൊട്ടു കിടക്കുന്ന കുന്നുകളുടെ അങ്ങേയറ്റത്ത് മഞ്ഞണിമാമലയിൽ അസ്തമയാർക്കന്റെ അരുണ മരീചികൾ കുത്തുമ്പോൾ ആ മൂന്നാം സർഗത്തിലെ ചിത്രം ആരുടെ മുമ്പിലുദിക്കുകയില്ല! അഞ്ചാം സർഗത്തിൽ വർണിതമായ ഗൗരീശിഖരത്തിലെ തപോരംഗം ഹിമാലയത്തിലെവിടെയും കാണാം. ഉയർന്ന കുന്നുകൾക്കിടയിൽ ഹിംസ്രജന്തുക്കളുടെ ബാധകളേൽക്കാതെ അടങ്ങിയൊതുങ്ങി ജീവിക്കാനുതകുന്ന തരുകദംബങ്ങളായ കുടിയിരുപ്പുകൾ എത്രയാണെന്നോ അവിടെ! ഇന്നും വേണമെങ്കിൽ അവിടങ്ങളിൽ നിർബാധം തപസ്സിനു കൂടാം.

കാളിദാസ കൃതിയുടെ സത്തു പിഴിഞ്ഞുണ്ടാക്കിയതാണ് കുമാരനാശാന്റെ നളിനി. ആര്യദ്രാവിഡ ബന്ധത്തോടു ചുറ്റിപ്പിണഞ്ഞു കിടക്കുന്ന പുരാണത്തിൽ നിന്ന് നായികാനായകന്മാരുടെ കാമനിവർത്തിതമായ പ്രണയത്തെ മോചിപ്പിച്ച് സാത്വികതയുടെ പരകോടിയോളം എത്തിക്കുക എന്നതായിരുന്നു ആശാന്റെ ഉന്നം. അപ്പോഴും ആ പ്രകൃതിസുന്ദരമായ ഹൈമവതഭൂവിൽ നിന്ന് നായികാനായകന്മാരെ കൃത്രിമതകളുടെ നൃത്തക്കളമായ നഗരത്തിലേക്കിറക്കാനിഷ്ടപ്പെട്ടില്ല. ആ പശ്ചാത്തലവും ആ പ്രേമവും -രണ്ടും ഒന്നിച്ചിരിക്കണമെന്ന് അദ്ദേഹത്തിനറിയാം. സിംലയിലെത്തുമ്പോൾ ആ പർവത ശിഖരത്തിൽ മധ്യയൂറോപ്പിനെ പറിച്ചുനട്ടതുപോലെ തോന്നും. എല്ലാം കൊണ്ടും ഒരു സ്വിസ് നഗരം തന്നെ. കുന്നിനുമേൽ കുന്ന്; ഓരോന്നിന്റെയും നിറുകയിലോരോ തട്ട്; അങ്ങനെ പലപല തട്ടുകളായി പൊങ്ങിപ്പൊങ്ങിപ്പോയിരിക്കുകയാണ് ആ നഗരം. തലയ്ക്കൽ വൈസ്രോയി മന്ദിരം; കടയ്ക്കൽ ഏഴക്കുടിലുകൾ. തീവണ്ടി പോയി നിൽക്കുന്നത് അടിയിലൊരു തട്ടിൽ, അവിടെ നിന്നു മേൽപ്പോട്ടു കയറാൻ ദ്രുതവാഹനങ്ങളൊന്നും ഉപയോഗിച്ചുകൂടാ. പാവങ്ങൾ- കഴുതകളെപ്പോലെ ചുമടെടുത്തു നടക്കാൻ മാത്രം പഠിച്ച പാവങ്ങൾ - അവർ വലിച്ചു കയറ്റും സകലവും, മനുഷ്യരെയും. കുതിരസ്സവാരി വശമാണോ, ശരി ജവഹർലാലിനെപ്പോലെ മനുഷ്യരുടെ ശാപമേൽക്കാതെ കയറിപ്പോകാം. മേലോട്ടു മേലോട്ടു കയറുന്തോറും സായിപ്പിന്റെ ലോകമായി- എല്ലാം അയാളുടെ മോഡലിൽത്തന്നെ. അവിടെ ബ്രിട്ടീഷ് മേൽക്കോയ്മ ഷാജഹാൻ മയൂരസിംഹാസനത്തിലെന്നപോലെ അകുതോഭയം വാഴ്ചകൊള്ളുകയാണ്.

ഹിമാലയത്തിൽ നിന്നിറങ്ങിയാൽ ശാഖോപശാഖകളോടു കൂടിയ നദികളും, അവ പർവതശിഖരങ്ങളിൽ നിന്നു വാരിവലിച്ചെത്തിച്ച കല്ലും മണ്ണും കൊണ്ടു തൂർന്നു നിരപ്പായിത്തീർന്ന വളക്കൂറേറിയ ഭൂഭാഗങ്ങളുമാണ്. അവിടങ്ങളിൽ വച്ചു ക്രിസ്ത്വബ്ദാൽ പൂർവവും പരവുമായി ആര്യദ്രാവിഡർ തമ്മിൽ നടന്ന മഹാസമരങ്ങളുടെ ഝണഝണനാദം, രാമായണവും മഹാഭാരതവും ഇന്ത്യൻ സംസ്കാരത്തിന്റ ചെപ്പേടുകളെന്ന നിലയ്ക്കു പരിശോധിച്ചിട്ടുള്ളവരുടെ ചെവികളിൽ ഇന്നും പ്രതിധ്വനിക്കാൻ പാടുണ്ട്. ഗംഗാതീരത്തിൽ നിന്നു കിഴക്കോട്ടു നീങ്ങി ബംഗാളിലേക്കു കടന്നാൽ കാണുന്നവർ ഒരു വക. ഗംഗയ്ക്കരികത്തായാൽ ആളുകൾക്കു ബ്രാഹ്മണ്യം കൂടി. അവിടെ നിന്നു സൈന്ധവ ദേശത്തോളം ചെന്നാൽ മിശ്രമേ മിശ്രം. അവിടെ കാണുന്ന വെങ്കലക്കൂട്ടുകളിൽ എന്തൊക്കെ ചേർന്നിട്ടുണ്ടോ ആവോ? എങ്ങനെയായാലും ക്ഷത്രിയ വൈശ്യ ധർമങ്ങൾക്കാണ് ആ ഭാഗങ്ങളിൽ പ്രാധാന്യം.

ആര്യന്മാർക്കും മുമ്പ് ഉത്തരഭാരതത്തിൽ സംസ്കാര സമ്പന്നരായൊരു വർഗക്കാരുണ്ടായിരുന്നുവെന്നും അവർ ദ്രാവിഡരായിരുന്നുവെന്നും ഇപ്പോൾ വിദ്വത്സമ്മതമായിട്ടുണ്ടല്ലോ. സംസ്കാരവികാസവിഷയകമായി ഉപര്യുപരി ഗവേഷണങ്ങൾ നടത്തിയ ചില പണ്ഡിതവര്യന്മാരുടെ അഭിപ്രായത്തിൽ ആ ദ്രാവിഡർ- മേൽപ്പറഞ്ഞ നദികളുടെ തീരങ്ങളിലൊക്കെ നഗരങ്ങൾ കെട്ടി രാഷ്ട്രങ്ങൾ സ്ഥാപിച്ച ദ്രാവിഡർ - രണ്ടു മഹാഗണങ്ങൾ സമ്മേളിച്ചുണ്ടായവരാണ് - മരുമക്കത്തായികളും മക്കത്തായികളും. മരുമക്കത്തായികൾ ഗംഗയ്ക്കു കിഴക്കായിരുന്നുവത്രേ ആദ്യം. പിന്നീടവർ പടിഞ്ഞാറൻ ഭാഗങ്ങളിലേക്കു നീങ്ങി മക്കത്തായികളുമായി കൂടി. ആ ഒഴുക്കിൽ കുറെ കിഴക്കൻ ദ്രാവിഡർ കലർപ്പിനിട

യാകാതെ കടൽത്തീരങ്ങളിലൂടെ തെക്കോട്ടു കടന്നിരിക്കാമെന്നൊരു മതമുണ്ട്. ആ സ്ഥിതിക്ക് ബംഗാളികളും മലയാളികളും തമ്മിൽ കൂടുതൽ സാരൂപ്യം ഉണ്ടാകാൻ പാടില്ലേ? ബംഗാൾ ദ്രാവിഡർ മക്കത്തായികളായ ആര്യന്മാരുമായി ഇണങ്ങി മേൽക്കുമേൽ പരിഷ്കാരം പ്രാപിച്ചു കഴിഞ്ഞു. മലയാളികളിൽ മരുമക്കത്തായികൾ പരിഷ്കാരത്തിന്റെ മറുതല കണ്ടിട്ടും തായ്‌വഴി വിട്ടു തന്തവഴി പിടിച്ചു കഴിഞ്ഞിട്ടില്ല. ദ്രാവിഡരിൽ മക്കത്തായികളും തെക്കൻ ഭാഗങ്ങളിൽ കുടിയേറിയിരിക്കാം. ഇരുകൂട്ടരുടെയും പിന്നാലെ ആര്യന്മാരും. അതിനാൽ ഇരുതായങ്ങളും ഇടമറിഞ്ഞങ്ങനെ കിടക്കുകയാണ് നമ്മുടെ നാട്ടിൽ.

ഇന്ത്യ ഒരു വലിയ ദ്രാവിഡപ്പരപ്പായിരുന്ന യുഗത്തിൽ ഭാഷയുമൊന്നായിരുന്നു എന്നാണ് അധുനാതനന്മാരുടെ നിഗമനം; മൂല ദ്രാവിഡഭാഷതന്നെ. അങ്ങനെയെങ്കിൽ ഗംഗയ്ക്കു കിഴക്കുവടക്കായി നേപാളസമീപത്തിൽ കാണുന്ന ന്യൂയർ ദ്രാവിഡരും കേരളത്തിലെ നായന്മാരും ഏക വർഗീയരായിരിക്കാമെന്നു കനകസഭൻ അഭിപ്രായപ്പെട്ടതു ശരിയായിക്കൂടേ? നാഗാരാധന ഇരുകൂട്ടർക്കുമുണ്ട്. പേർ തന്നെ ഒന്ന്. ദേശകാലപ്രക്ഷേപത്താൽ ഉച്ചാരണമൊന്നു ഭേദപ്പെട്ടു. അത്രയല്ലേയുള്ളു?

നമ്മുടെ കാര്യത്തിലേക്കു തിരിഞ്ഞപ്പോൾ അല്പം അതിവിസ്തരമായിപ്പോയി. വീണ്ടും വടക്കോട്ടു പോകുക തന്നെ. ഗംഗാതീരത്തിൽ ആധിപത്യമുറപ്പിച്ച ആര്യന്മാർ ഇതര ദേശീയരെക്കാളധികം ബ്രാഹ്മണ്യം പുലർത്തിയതായി തോന്നുന്നു. അവിടെ നിന്നാണല്ലോ രാമായണത്തിന്റെ പുറപ്പാട്. തദ്ദേശീയാര്യന്മാർ വിന്ധ്യന്റെ കിഴക്കേപ്പഴുതിൽക്കൂടി ദക്ഷിണ ഭാരതത്തിലേക്കു കുതിച്ച് തമിഴകത്തൂടെ ലങ്കവരെക്കെത്തിയതിന്റെ തെളിവാണല്ലോ രാമായണം. രാമായണ കഥയെ മുൻനിർത്തി എത്രയെത്ര ഉൽകൃഷ്ടകൃതികൾ സംസ്കൃത സാഹിത്യത്തിൽ തല പൊക്കി. അവയെല്ലാം ഗാംഗേയാര്യന്മാരുടെ വൈജയന്തികൾ തന്നെ. അവരുടെ ബ്രാഹ്മണ്യത്തോടായിരുന്നല്ലോ ബൗദ്ധന്മാരുടെയും ഒടുവിൽ മഹമ്മദീയരുടെയും കയ്യേറ്റം. മഹാഭാരത രംഗങ്ങളാകട്ടെ, ക്ഷാത്രത്തിന്റെ കളരികളാണ്. ആദ്യം ആര്യന്മാരും ദ്രാവിഡരും തമ്മിൽ പടവെട്ട്; പിന്നെ ആര്യദ്രാവിഡരിൽ പല പല ഗണക്കാർ തമ്മിൽ; ഇടയ്ക്കിടയ്ക്കു സൈന്ധവദേശത്തൂടെ പ്രവഹിച്ച വൈദേശികരായിട്ടും ഒടുവിൽ എല്ലാം കലങ്ങിക്കൂടി. അങ്ങനെ ഒരവിയൽ സംസ്കാരമാണ് മഹാഭാരതത്തിൽ കാണുന്നതെന്നു പറയാം.

ഇന്ത്യൻ ജനതയെ ആയാലും കേരളീയ ജനതയെ ആയാലും ഏകീകരിക്കാൻ ഉദ്ദേശിക്കുന്നവർ ഇപ്പറഞ്ഞ പശ്ചാൽഭൂമികയും അതിൽ നടന്ന ചിത്രരചനാ കോലാഹലവും അനുസ്മരിച്ചേ മതിയാവൂ. അപ്പോൾ ഒരു ജനസമുദായത്തിന്നോ ഒരു സംസ്കാരത്തിന്നോ നമ്മുടെ നാട്ടിൽ വിശേഷിച്ചു നിലകിട്ടണമെന്നാരും വാദിക്കുകയില്ല. രാഷ്ട്ര ഘടകങ്ങളശേഷം സമശീർഷങ്ങളെന്നൊരു ധാരണ എല്ലാവർക്കും ഉണ്ടാവുകയും ചെയ്യും.

ആര്യദ്രാവിഡ സംഘട്ടനങ്ങൾ കഴിഞ്ഞ് മധ്യയുഗങ്ങളിലെത്തുമ്പോൾ അതാ മറ്റൊരു സംസ്കാര കലാപം - മഹമ്മദസംസ്കാരത്തിന്റെ ഇരച്ചുകയറലിലുണ്ടായ കലാപം തന്നെ. ആ വേലിയേറ്റത്തിന്റെ അടയാളങ്ങൾ ഇന്നും കാണാം- ആഗ്ര മുതൽ ദില്ലി വരെയും അതിനപ്പുറവും. ശ്ലക്ഷ്ണ ശിലാവിനിബദ്ധങ്ങളായ എത്രയെത്ര കലാശില്പങ്ങൾ കാലത്തിന്റെ കരിതേപ്പിനെ കൂട്ടാക്കാതെ ഉൽക്കന്ധരങ്ങളായങ്ങനെ നിലകൊള്ളുന്നു! ആ റെഡ് ഫോർട്ടിലൊന്നു കയറൂ- അധിരാജവാഴ്ചയെ എന്നേക്കുമായി രൂപപ്പെടുത്തി നിറുത്താൻ സുകുമാരകലകൾ എങ്ങനെയെല്ലാം ഉപകരിച്ചിരിക്കുന്നു. രണ്ടറ്റത്തും കൊട്ടാരക്കെട്ടുകൾ. അവയെ തമ്മിലിണക്കുന്ന കമനീയമായൊരു ഹാൾ അങ്ങനെ കിടക്കുന്നു. ഒരു ഫർല്ലോങ്ങിൽപ്പരം നീളത്തിൽ. ഇരുഭാഗത്തും നിന്നെത്തി അതാശ്ലേഷിക്കുന്നതു രാജസദസ്സിന്റെ മഹാമണ്ഡപത്തിൽ. ഹാളിൽ നേർമധ്യത്തിൽ നിലത്തിന്നടിയിലൂടെ യമുനാജലം ഒരു കൊച്ചരുവിയായി ഒഴുകിക്കൊണ്ടിരിക്കയാണ്. മീതെ പടുത്തെത്തിച്ചിട്ടുള്ള സ്ഫടികഫലകത്തിലൂടെ ആ ജലം കൊച്ചലകളിട്ടു മറിഞ്ഞു പോകുന്നതു കാണാം. നിലവും ഭിത്തികളുമെല്ലാം ശ്ലക്ഷ്ണശിലാമയങ്ങൾ. ചിത്രവേലകൾ - അഹോ, യഥാർഥത്തിൽ വർണനാതീതങ്ങൾ തന്നെ. ബ്രിട്ടീഷ് സാമ്രാജ്യത്തലവന്മാർ ആ കൊട്ടാരങ്ങ

ളിലും ഹാളിലും മന്ത്രമണ്ഡപത്തിലും നിന്ന ത്യാർത്തിയോടെ അടർത്തിയെടുത്ത രത്നങ്ങളുടെയും പൊൻവെള്ളിക്കുമിളകളുടെയും കൊച്ചു കൊച്ചു കുഴികൾ നടന്നെണ്ണി നോക്കൂ - അസ്തമിച്ചുപോയ മുഗളൈശ്വര്യം അപ്പോളേതാണ്ടൂഹിക്കാം. ഈ അരക്ഷിതാവസ്ഥയിലും അവയുടെ ആ കൂസലില്ലാത്ത നില കാണുമ്പോൾ തങ്ങളുടെ പൊയ്പ്പോയ സുവർണദശ അടുത്തെങ്ങാനും തിരിച്ചു കിട്ടുമെന്ന് അവ ദൃഢമായി വിശ്വസിക്കും പോലെ തോന്നും. എന്തായാലും അവ, മിശ്രണത്താൽ മെച്ചം നേടിപ്പോന്ന ഭാരതീയ സംസ്കാരത്തിന്റെ വളർച്ചയിൽ ഒരു പ്രധാനദശയെ പ്രഘോഷണം ചെയ്യുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. ആഗ്രയിൽ പോവൂ. ആ യമുനാജലപ്പരപ്പിൽ രാവും പകലും ആത്മാർപ്പണം ചെയ്തു വിളങ്ങുന്ന താജ്മഹാൾ കാണുമ്പോൾ ആർ അതോർക്കുകയില്ല?

ദില്ലിപ്പരിസരങ്ങളിൽനിന്നു തിരിക്കുമ്പോൾ വീണ്ടും സാഹിത്യം കൂടെക്കയറി ഓരോന്നു ചൂണ്ടിക്കാണിക്കുന്നു. മട്ര അഥവാ ഉത്തരമഥുര - ആ സ്റ്റേഷനിൽ ഒരു വിശേഷം - കാപ്പിയല്ല പാലാണവിടെ സുലഭം. ഭാഗവതത്തിൽ കീർത്തിതമായ ആ ഗോപപ്പരിഷയുടെ നാട്ടിൽ പാലിനുണ്ടോ ക്ഷാമം?

> പാലാഴിമങ്കതൻ പര്യായഭേദങ്ങൾ
> പോലെഴും ഗോപാലപ്പെൺകൊടിമാർ
> ത്വംഗന്മണിമയകങ്കണക്വാണമാം
> മംഗല്യസംഗീതം പൊങ്ങും വണ്ണം
> നാക്കിനാൽക്കുട്ടിയെ നക്കി മിനുക്കുന്ന
> പൈക്കളെ സ്വൈരം............................

കറക്കുന്നുണ്ടാകാം, അവിടെ ഇന്നും.

ആ സ്റ്റേഷനിൽ നിന്ന് നാലുപാടുമൊന്നു കണ്ണോടിച്ചാൽ കാണാം, ബലഭദ്രർ കലപ്പകൊണ്ടുഴുതുമറിച്ചു വിത്തിറക്കിയ വളക്കൂറുറ്റ നിലങ്ങൾ പരന്നു കിടക്കുന്നതായിട്ട്. അവിടെ പ്രഭാതം തൊട്ടു പ്രദോഷത്തോളം കൃഷിപ്പണി ചെയ്ത് കുടുകുടെ വിയർത്തൊലിച്ചു വീട്ടിൽ തിരിച്ചെത്തിയ ഹലായുധൻ അഭിമതരസവും രേവതീലോചനാങ്കവുമായ ഹാലായൂഷമാകണ്ഠം പാനം ചെയ്തുല്ലസിച്ചത് കാളിദാസന്റെ കണ്ണാടിയിൽക്കൂടി കാണ്മാൻ എന്തൊരു കൗതുകം!

ഇനി വിന്ധ്യനിലേക്ക്. സംസ്കൃതസാഹിത്യത്തിലെ ഏറ്റവും വിലപിടിച്ച രത്നങ്ങൾക്കിവിടമാണാകരം. കുമാരസംഭവവും രഘുവംശവുമൊഴിച്ച് കാളിദാസ കൃതികളശേഷം വിന്ധ്യാവനങ്ങളോടു ബന്ധപ്പെട്ടവയാണ്. ആ കൊച്ചുകൊച്ചു കുന്നുകളും അവയുടെ തടങ്ങളിൽ ജനവിഹാരാർഹങ്ങളായിക്കിടക്കുന്ന രമ്യവനങ്ങളും തീരത്തിൽ ഉടനീളം കൺകുളിർപ്പിക്കുന്ന കേദാരങ്ങളെ നിർമിച്ചുകൊണ്ടൊഴുകുന്ന നദികളും ഒക്കെക്കൂടി ആ മഹാകവിയെ കോൾമയിർക്കൊള്ളിച്ചിരിക്കണം. രാമഗിര്യാശ്രമത്തിൽ വിരഹവിധുരനായി വിശാലമായ ആകാശത്തിലേക്കു നോക്കിക്കൊണ്ടിരിക്കേ യദൃച്ഛയാ കാണുന്ന മേഘത്തെ സ്വാഗതം ചെയ്ത് അതിനെക്കൊണ്ട് തന്റെ പ്രിയതമയ്ക്കു സന്ദേശമെത്തിക്കാനാശിക്കുന്ന യക്ഷനെ ആ പരിസരത്തിലാരും ഓർമിച്ചുപോകും. സന്ദേശവഹനു മാർഗം നിർദേശിക്കുന്നതിനിടയിൽ യക്ഷൻ ചെയ്യുന്ന ജനപദവർണനകളെ ആ പ്രദേശങ്ങളുമായി ഇട തട്ടിച്ചു നോക്കുമ്പോൾ യക്ഷൻ കാളിദാസൻ തന്നെയോ എന്നൊരു സന്ദേഹമുദിക്കാം. തന്മയീഭാവം അത്രയ്ക്കുണ്ട്.

> *ത്വയ്യായത്തം കൃഷിഫലമിതി
> ഭ്രൂവിലാസാനഭിജ്ഞൈ:
> പ്രീതിസ്നിഗ്ധൈർജ്ജനപദവധൂ-
> ലോചനൈ: പീയമാന:
> സദ്യസ്സീരോത്കഷണസുരഭി
> ക്ഷേത്രമാരുഹ്യ മാലം
> കിഞ്ചിത് പശ്ചാദ് വ്രജ ലഘുഗതിർ
> ഭൂയ ഏവോത്തരേണ

എന്നതിന്റെ സ്വാരസ്യം നദീതീരോപരി ഇന്നും കർഷകപ്പെണ്ണുങ്ങളുടെ 'കടാക്ഷശാസ്ത്രപ്പഠിപ്പു നേടാത്ത വിടർന്ന കണ്ണാൽ' മുകരപ്പെട്ടും കൊണ്ടു പ്രയാണം ചെയ്യുന്ന മേഘങ്ങളെ കണ്ടാൽ മതി സമ്മതമാകാൻ.

* കൃഷിവിളവ് താങ്കളുടെ വരുതിയിലാണല്ലോ എന്നുവെച്ച് പ്രീതികൊണ്ടു മിനുങ്ങുന്നവയും പുരികക്കളിയറിയാത്തവയുമായ നാടൻ പെൺകൊടിമാരുടെ കണ്ണുകളാൽ നുകരപ്പെട്ടുകൊണ്ട്, ഈയിടെ ഉഴുതിട്ടതിനാൽ (മണ്ണിന്റെ) മണമേന്തുന്ന പള്ളിയാലുകൾ കടന്നിട്ട് തെല്ല് പടിഞ്ഞാട്ടു പോവുക. വീണ്ടും വേഗത്തിൽ വടക്കോട്ടുതന്നെ.

** രേവാം ദ്രക്ഷ്യസ്യുപലവിഷമേ
വിന്ധ്യപാദേ വിശീർണാം

എന്നതിലടങ്ങിയ സ്വഭാവോക്തി എത്ര രസികൻ! ആ കൽക്കൂട്ടത്തിൽ വെള്ളം വീണുതകരൽ ഇപ്പോഴും പതിവാണ്. ഇങ്ങനെ മിക്ക ശ്ലോകങ്ങളുടെയും താദാത്മ്യം എടുത്തുവെച്ചോണം കാണാം. വിന്ധ്യതടങ്ങളിലെ സൗഭാഗ്യാതിശയത്തെ ഇത്ര മോഹനമായി വർണിച്ച് പദാൽ പദം ശൃംഗാരത്തിനാലംബനവിഭാവമായിട്ടുള്ള നായികാസൗന്ദര്യത്തിനുദ്ദീപനമാക്കിത്തീർത്ത പ്രതിഭയുടെ സന്നിധിയിൽ ദണ്ഡനമസ്കാരം തന്നെ ചെയ്യണം. പദാവലിയുമാശയങ്ങളും കെട്ടിപ്പുണർന്നങ്ങനെ പോകുന്ന ആ കാവ്യത്തിന്റെ മധുരിമ മലയാളത്തിൽ പകർന്നുകൊടുക്കാനാരെക്കൊണ്ടാകും!

നമ്മുടെ സാഹിത്യത്തിനുമുണ്ട് ആ പ്രദേശങ്ങളുമായൊരു ബന്ധം. കുമാരനാശാന്റെ ലീലയുടെ നാടു കാണണമെങ്കിൽ അവിടെ പോകണം. മധ്യത്തിലൂടെ രേവാനദിയൊഴുകുന്ന ആ മനോജ്ഞവനങ്ങളിൽക്കൂടി മദനപരവശയായ നായിക ബഹുദൂരം സഖിയൊന്നിച്ചു ചുറ്റി നടന്നുവെന്നു സങ്കല്പിച്ചതിൽ ഒരു തരക്കേടും തോന്നുന്നില്ല. അതിനൊക്കെ പറ്റിയ ദിക്കാണ്. ആ കപോതഹൂതഘോഷവും മറ്റും ഇന്നും അവിടെ കേൾക്കാം. വണ്ടിയിലിരുന്ന് ഇട്ടാർസിക്കരികേവെച്ചു കേൾക്കാനിടയായ 'കുഹൂ കുഹൂ നിനാദം' ഇപ്പോഴുമോർക്കുന്നു. എന്നല്ല, ബാല്യത്തിൽ അച്ഛനുമൊന്നിച്ച് ഒട്ടകപ്പുറമേറി യാത്രയാരംഭിച്ച ലീലയെ അവിടെങ്ങോ വെച്ചു കണ്ടതായി തോന്നുകയും ചെയ്യുന്നു.

**ഒറ്റനോട്ടത്തിൽ]** **[ജോസഫ് മുണ്ടശ്ശേരി**

## അവധാരണ ചോദ്യങ്ങൾ

- നല്ല ഒരു യാത്രക്കാരന്റെ ലക്ഷണമെന്ത്?
- ആര്യദ്രാവിഡ സങ്കരത്തിന്റെ ഉദാഹരണമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്ത്?
- കുമാരസംഭവത്തിൽ വർണിതമായ എന്തെല്ലാം കാര്യങ്ങളാണ് ഇന്നും ഹിമാലയത്തിൽ കാണാൻ കഴിയുന്നത്?
- ഒരു മിശ്രസംസ്കാരമാണ് ഭാരതത്തിൽ കാണുന്നത് എന്ന് ലേഖകൻ സമർഥിക്കുന്നതെങ്ങനെ?
- വിന്ധ്യനോടു ബന്ധപ്പെട്ട സാഹിത്യകൃതികൾ ഏതെല്ലാം?

■

** പാറകളെക്കൊണ്ട് നിറപ്പറ്റ വിന്ധ്യപ്രദേശങ്ങളിൽ ചിതറിയൊഴുകുന്ന നർമദയെ നീ കാണുന്നു.

# 5. പിൻനിലാവിൽ

പ്രഭാതത്തിൽ ഞാൻ പൂമുഖത്ത് ഇരിക്കുകയാണ്, ഒറ്റയ്ക്ക്, മുറ്റത്തേക്കു നോക്കി. കുട്ടികളുടെ കുഞ്ഞിക്കാലടികൾ പതിഞ്ഞുകിടക്കുന്നു. ഈമ്പിക്കുടിച്ച ഐസ്ഫ്രൂട്ടിന്റെ ഈർക്കില, മോന്തിത്തീർത്ത ഐസ്ക്രീമിന്റെ കടലാസ്സുകോപ്പ, മധുരനാരങ്ങത്തോട്, പാറ്റച്ചിറകുകൾ, വള്ളി പൊട്ടിയ ചെരുപ്പ്, പീച്ചിക്കഴിഞ്ഞ ടൂത്ത്പേസ്റ്റിന്റെ കബന്ധം, ബീഡിക്കുറ്റി, തലകരിഞ്ഞ തീപ്പെട്ടിക്കോല്, നീളൻ നിഴലുകൾ അരിച്ചുപോയ പാടുകൾ - ഇതെല്ലാം മുറ്റത്തു ചിന്നിക്കാണായി. അടിച്ചുവാരിയിട്ടില്ല. ഉഷസ്സന്ധ്യ സ്വർണച്ചൂലുമായി എന്നും കടന്നുവരുന്നു. എല്ലാം അടിച്ചുവാരുന്നു. എന്നിട്ടും അടിക്കാടുകൾ പോകുന്നില്ല, പാടുകൾ മായുന്നില്ല. കാലമാകുന്ന പാമ്പ് ഊരിക്കളഞ്ഞ ഉറപോലെ വെളിച്ചം മുറ്റത്തു കിടക്കുന്നു!

ലത ഓടിവന്ന് എന്നോടായി പറഞ്ഞു: "ഇന്നാണ് എന്റെ പിറന്നാള്, മുത്തശ്ശാ! നോക്ക് അമ്പലത്തില് പോണം. പായസം കൊണ്ടുവരണം. ഉം, എണീക്കു, മുത്തശ്ശാ !"

ഈ വാക്കുമായി എനിക്ക് ഒരു മുഖപരിചയമുള്ളപോലെ തോന്നി. ഉവ്വ്, ഇതു ഞാൻ മുമ്പെന്നോ പറഞ്ഞിട്ടുള്ളതാണ്.

ഒളിചിതറുന്ന ഓട്ടുവിളക്ക്, അതിന്നു ചുവട്ടിൽ അഷ്ടമംഗല്യം, അതിന്റെ മുമ്പിൽ മടക്കു പകുതി നിവർത്തിയ ഇലയട, വലിയ നാക്കില. ഞാൻ അമ്മയെ കാത്തിരിക്കുകയാണ്. കോടിയലക്കിയതുടുത്ത് അമ്മ കോരികയിൽ നിറയെ തുമ്പപ്പൂച്ചോറുമായി വന്നു. എന്റെ ഇല നിറഞ്ഞു. ഇതു മുഴുവൻ എന്റെ കുഞ്ഞിവയറ്റിൽ കൊള്ളുമോ?

ഞാൻ പറഞ്ഞു: "മതി ".

"ഇന്നു പെറന്നാളല്ലേ, മതീന്നു പറേര്ത്." അമ്മ വീണ്ടും വിളമ്പി : " ഇന്ന് ഉരുക്കീതും കലക്കീതും അരുത്."

വെണ്ണയും കട്ടത്തൈരും കൂട്ടി ഞാൻ ഉണ്ടു. ഉണ്ണുമ്പോൾ അമ്മ വയറ് ഉഴിഞ്ഞു. അപ്പോൾ അമ്മയുടെ കണ്ണു നിറഞ്ഞുകണ്ടു. എന്തുകൊണ്ടാണ് ഈ കണ്ണീര്? ഞാനന്ന് ആലോചിച്ചില്ല. കല്ലു നിറഞ്ഞ റേഷനരിച്ചോറു വാരിത്തിന്നുമ്പോൾ ഇന്നും അമ്മയുടെ ആ വാക്കുകൾ ഞാനോർമിക്കുന്നു : " ഒന്നും മതീന്നു പറേര്ത്." ഇല്ല, ജീവിതത്തിന്റെ നേർക്കു നോക്കി മതിയെന്ന് ഞാൻ പറയില്ല, പറഞ്ഞിട്ടുമില്ല.

എന്റെ കുട്ടിക്കാലം തന്നെയല്ലേ "മുത്തശ്ശാ" എന്ന കിളിക്കൊഞ്ചലുമായി പൂമുഖത്തു വന്നത്? എല്ലാവരും പിറന്നാൾ ആഘോഷിക്കട്ടെ. "മതി" എന്നു പറയാതെ പായസം വയറുനിറച്ചുണ്ണട്ടെ. മനുഷ്യജന്മം കിട്ടിയതിന്റെ വാർഷികാഘോഷമാണല്ലോ പിറന്നാൾ!

ഞാൻ കുട്ടിയുടെ കൂടെ അമ്പലത്തിലേക്കു പുറപ്പെട്ടു. കുട്ടി പട്ടുടുപ്പിട്ടിട്ടുണ്ട്. കണ്ണെഴുതീട്ടുണ്ട്. കവിളത്തു 'കുട്ടിക്കൂറ ' പൂശിയിട്ടുണ്ട്. നാം ഈശ്വരന്റെ മുമ്പിൽ മോടിയിൽ ചെല്ലണം, ഈ നല്ല ദിവസത്തിലെങ്കിലും. അമ്പലത്തിൽ നിന്നു കിട്ടിയ പ്രസാദം കുറിയിട്ട് പായസവുമായി മടങ്ങുമ്പോഴാണ് ഷഷ്ടിപൂർത്തിക്കമ്മിറ്റിക്കാർ എന്നെ അന്വേഷിച്ചു വരുന്നത്.

"നിങ്ങൾ ഇന്നു വന്നതു നന്നായി. കുട്ടിയുടെ പിറന്നാളാണ്."

ഞങ്ങൾ വീട്ടിലേക്കു മടങ്ങി. കമ്മിറ്റിക്കാർ എന്റെ ഷഷ്ടിപൂർത്തിയെപ്പറ്റി സംസാരിച്ചു.

"എമ്മാർബി കുന്നംകുളത്തു നേരത്തേ എത്തണം, ആഘോഷം നടത്തുന്ന മൂന്ന് ദിവസവും അവിടെ ഉണ്ടാവണം."

അറുപതാമത്തെ പിറന്നാളിന്റെയും നാക്കില വെച്ചുകഴിഞ്ഞു. സുഹൃത്തുക്കളൊന്നിച്ച് ഊൺ കഴിച്ചു. പൂച്ചെണ്ടുകൊണ്ടുള്ള വയറുഴിച്ചിൽ സുഖകരമായിരുന്നു.

ഞാൻ അറുപതു കൊല്ലം ജീവിച്ചു. ജീവിതം എന്നെ താലോലിക്കുകയും തല്ലുകയും ചെയ്തു; എന്റെ നേർക്കു പീലിക്കണ്ണും നരിക്കണ്ണും കാണിച്ചു; വളക്കിലുക്കവും ചങ്ങലക്കിലുക്കവും കേട്ടു. വിളമ്പിക്കിട്ടിയ എല്ലാ രസങ്ങളുമായി ഞാൻ ഇണങ്ങിച്ചേർന്നു. പിണങ്ങിയിട്ടു കാര്യമില്ല. സമുദ്രത്തെ എത്ര തവണയായി കര തട്ടിമാറ്റുന്നു! എന്നിട്ടും തിരമാല ചിരിച്ചുകൊണ്ടു തിരിച്ചുവരികയല്ലേ.

ഞാൻ വീണ്ടും ഇല്ലത്തെത്തുന്നു. അമ്മ ഉടുപ്പിച്ച ഇലക്കോണകം കളഞ്ഞ് അച്ഛൻ തന്ന ശീലക്കോണകം ഉടുത്തു. ഉപനയനവും സമാവർത്തനവും കഴിഞ്ഞ് ഞാനൊരു ഉണ്ണിനമ്പൂതിരിയാവുകയാണ്. അച്ഛൻ എഴുത്തിനു വെച്ചു, ഓത്ത് ചൊല്ലിച്ചു. അച്ഛൻ ചൊല്ലിത്തന്നതു ഞാനും ചൊല്ലി, കാട്ടിയതു കാട്ടി. ഇതാണോ ജീവിതം? അച്ഛൻ ചിരിച്ചു. എനിക്കൊന്നും മനസ്സിലായില്ല.

ഇല്ലത്തുനിന്നു ഞാൻ പുറത്തുകടന്നു. കാട്ടുവള്ളിപോലെ പടർന്ന ഞാൻ പൂങ്കാവിൽ വളരുന്ന വല്ലികളെ കണ്ടു. സമവയസ്കരായ കുട്ടികൾ സഞ്ചിയും തൂക്കി സ്കൂളിൽ പോകുന്നു. മുതിർന്നവർ ഉദ്യോഗത്തിനു പോകുന്നു. വയോധികർ ഉദ്യോഗജീവിതം കഴിഞ്ഞു വിശ്രമമന്ദിരം പണിയുന്നു. ഞാനും വലുതാവുകയില്ലേ? എനിക്കും ജീവിതമില്ലേ?

ഞാൻ നിൽക്കുന്ന തുരുത്തിന്മേൽ പല അലകളും വന്നടിച്ചു-യോഗക്ഷേമ പ്രസ്ഥാനത്തിന്റെ, സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ , സ്വാതന്ത്ര്യസമരത്തിന്റെ, സാഹിത്യനവോത്ഥാനത്തിന്റെ. ഈ അലകൾ എന്നെ മുക്കുമോ? എന്റെ അരികിലൂടെ രണ്ടു പുഴകൾ ഒഴുകിപ്പോയി-വള്ളത്തോളും നാലപ്പാടനും! ഇവരുടെ അന്തസ്സലിലയായ സരസ്വതി പലപ്പോഴും സംഗമസ്ഥാനത്തേക്ക് എന്നെ ക്ഷണിക്കാറുണ്ട്. ഗംഗയും യമുനയും സരസ്വതിയും ഓളങ്ങളെക്കൊണ്ട് ഒലിക്കൊള്ളാതെ ഒന്നിച്ചൊഴുകുന്ന കടവിൽ ഞാൻ കുളിച്ചു. ഇത് ഒരു ജ്ഞാനസ്നാനമല്ലേ? പ്രസ്ഥാനങ്ങളുടെ സ്വർണം ഈ കടവിൽ നിന്നു ഞാൻ അരിച്ചെടുത്തു. ഞാനാകെ മാറിയതായിത്തോന്നി. എന്റെ കണ്ഠത്തിൽ ഓടക്കുഴലുണ്ടോ? എന്റെ കൈയിൽ കൊടിയുണ്ടോ? കുടുമയും പൂണൂനൂലും നഷ്ടപ്പെട്ടുവോ?

എന്റെ പിന്നിൽ നാലുകെട്ടിന്റെ ആനവാതിൽ അടഞ്ഞുവോ?

ഞാൻ നടന്നു, പീലിക്കുട നിവർത്തിയ തൈത്തെങ്ങുകൾ, പഞ്ചാരമണൽ വിരിച്ച പാത, മുരളി വായിക്കുന്ന മുളംകൂട്ടങ്ങൾ, താളിലക്കുമ്പിളിൽ കള്ളവെൺമുത്തുപോലെ ഉരുണ്ടുകളിക്കുന്ന വെള്ളത്തുള്ളികൾ, നിഴലുകളിലേക്കു മലർ വിതറുന്ന വെളിച്ചം-ഇവയെല്ലാം കണ്ടുകൊണ്ടും കേട്ടുകൊണ്ടും! ഞാൻ എങ്ങോട്ടാണ്? എനിക്കും നിൽക്കേണ്ടിവരില്ലേ?

മറക്കുടയ്ക്കുള്ളിൽനിന്നു സാപത്ന്യം കൊണ്ട് ഇരുണ്ടുരുകുന്ന ജ്യേഷ്ഠത്തിമാരുടെയും അനുജത്തിമാരുടെയും തേങ്ങലുകൾ. വാൽക്കണ്ണാടി കൈയിൽ പിടിച്ച് വരാത്ത വരനെ കാത്തിരിക്കുന്ന നിറതാരുണ്യങ്ങളുടെ നെടുവീർപ്പുകൾ, അമ്പിളിക്കുറി മാഞ്ഞ യുവവൈധവ്യങ്ങളുടെ അടക്കിപ്പിടിച്ച ഗദ്ഗദം, അജ്ഞതയുടെ ട്യൂൺചെയ്യാത്ത അപസ്വരങ്ങൾ, പ്രാകൃതമായ അട്ടഹാസങ്ങൾ-എന്റെ ഹൃദയം പല വഴിക്കും ഒലിച്ചുപോയി.

"എം.ആർ.ബി.വരൂ!"- വി.ടി.ഭട്ടതിരിപ്പാടിന്റെ വിളി. ഞാൻ അടുത്തു ചെന്നു. അദ്ദേഹം ചെറിയ മനുഷ്യനായിരുന്നു, കാഴ്ചയിൽ. ഞാനദ്ദേഹത്തിലേക്കു നോക്കി. അന്തംവിട്ടു-ശ്രീകൃഷ്ണന്റെ പിളർന്ന വായയ്ക്കു മുമ്പിൽപ്പെട്ട യശോദയെപ്പോലെ! വെളിച്ചത്തിനുവേണ്ടിയും സ്വച്ഛജീവിതത്തിനുവേണ്ടിയും ഉണർന്നു പോരാടാൻ തയാറായ ഒരു ജനതതിയെ അവിടെ കണ്ടു. സാമുദായികമായ അസ്വാതന്ത്ര്യങ്ങൾക്കും അത്യാചാരങ്ങൾക്കുമെതിരായി വി.ടി.രാജിയില്ലാതെ പോരാടി. അദ്ദേഹം കൂരിരുട്ടിന്നു കൂട്ടുനിന്നവരെ പറപ്പിച്ചുകളഞ്ഞു! വി.ടി.യെ നനച്ചെടുത്തതു തേനിലായിരുന്നു. അദ്ദേഹം കണ്ണീരൊപ്പാനുള്ള ഒരു കൈലേസ്സായി!

മറ്റൊരു വിളി! അത് ഇ.എം.എസ്സിന്റേതായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ഇതൾ വിടർത്തിവരുന്ന ഇ.എം.എസ്. ആ

ചെറുപ്പക്കാരൻ മനുഷ്യസമുദായത്തെ മുഴുവൻ വിളിക്കുകയും ഉണർത്തുകയുമായിരുന്നു, സമുദായത്തിന്റെ തിണ്ടിടിഞ്ഞ കുളത്തിൽനിന്ന് ഒരു നീർച്ചാലു പോലെ. അദ്ദേഹം പുറത്തേക്കൊഴുക്കിയ ഈ നീർച്ചാല് വരണ്ട പല ഭൂമികളെയും നനച്ചു പച്ചപിടിപ്പിച്ചു. ആ പച്ചപ്പിലെ തുടിപ്പല്ലയോ ഇ.എം.എസ്സ്?

വി.ടി.ഒരു ജീവിതവും ഇ.എം.എസ്സ്. ഒരാദർശവും കാണിച്ചു തന്നു.

പിന്നെയും ഞാൻ സ്വപ്നവുമായി നടന്നു - ഉറക്കത്തിന്റെ മുന്തിരിങ്ങാപ്പഴം നുകർന്നുകൊണ്ട്!

ഞാൻ ഭർത്താവും അച്ഛനും മുത്തച്ഛനുമായി -മുളച്ചിലവിരിഞ്ഞു; പൂത്തുകായ്ച്ചു; വീണ്ടും മുളയ്ക്കാനുള്ള വിത്തായിത്തീരും പോലെ.

ഞാൻ ഈ സഞ്ചാരത്തിനിടയിൽ പിന്നെയും പലതും കണ്ടു. പാവപ്പെട്ട ഇന്ത്യയ്ക്കു മോക്ഷം നല്കാനായി അവതരിച്ച ഗാന്ധിജിയെ, ജവഹർലാലിനെ, രവീന്ദ്രനാഥടാഗോറിനെ. തൊട്ടു തലയിൽ വയ്ക്കാൻ ഞങ്ങളുടെ ഭക്തി നീട്ടിയ കൈനഖങ്ങളുടെ പോറലേറ്റു മഹാത്മജിയുടെ കാലടി വ്രണപ്പെട്ടു. ആവേശംകൊള്ളുന്ന ഞങ്ങളുടെ സാമീപ്യംകൊണ്ട് ജവാഹർലാൽ പൂർവാധികം ഉജ്വലനായി. വീരാളിപ്പട്ടിൽ പൊതിഞ്ഞു കൊടുത്ത ബഹുമതിയെ വിഷപ്പൊതിപോലെ വലിച്ചെറിഞ്ഞ ടാഗോറിന്റെ മുഖത്തു നോക്കിയപ്പോൾ ഇരുട്ടിനു മീതെ സൂര്യൻ ഉദിച്ചുവരുന്നതായി തോന്നി.

അഹിംസാമൂർത്തിയായ മഹാത്മജി ഒരു വെടിയുണ്ടയേറ്റു പാതയിൽ കുഴഞ്ഞു വീഴുന്നതു കണ്ടു; മാതൃഭൂമി മുറിഞ്ഞു പോകുന്നതും! നെഹ്റു ചക്രവർത്തിയെപ്പോലെ നാടു ഭരിച്ചു; ടാഗോർ നമ്മുടെ ആർഷസംസ്കാരത്തെയും!

ഇനിയും മഹാത്മജിയെപ്പോലെയും നെഹ്റുവെപ്പോലെയും ടാഗോറിനെപ്പോലെയും തിളങ്ങുന്ന രത്നങ്ങൾ ഈ മണ്ണിൽ വിളയില്ലേ? ഇല്ലെന്നും ഉവ്വെന്നും വരാം. ഏതായാലും അവരുടെ കൂടെ ജീവിക്കാൻ സാധിച്ച ഞങ്ങൾ ധന്യർ തന്നെ.

ഞാൻ ഇല്ലത്തു തിരിച്ചെത്തുന്നു. ഇലക്കോണകവും ശീലക്കോണകവും മാത്രം ഉടുത്തവരായി ഇന്നിവിടെ ആരുമില്ല. ഓട്ടുവിളക്കില്ല, മറക്കുടയില്ല. പുതിയ ജീവിതത്തിന്റെ പൂമുഖത്താണ് തിരിച്ചെത്തിയത്.

ഞാൻ മുറ്റത്തേക്കു നോക്കി. സന്ധ്യാരാഗം അവിടെയുള്ള നിർമാല്യത്തെ നിറംപിടിപ്പിക്കാൻ കിണയുകയാണ്. പുതിയത് ഇറുത്തു ചൂടലും പഴയത് വലിച്ചെറിയലുമാണല്ലോ ജീവിതം. പഴയതിനെപ്പറ്റി ദുഃഖിക്കാൻ നേരമില്ല. വീണ്ടും മുളയ്ക്കലും വിരിയലുമായി.

പകൽ പരമരമണീയമാണ്. രാത്രിയോ? ആ ഇരുട്ടിലും നക്ഷത്രങ്ങൾ വിരിഞ്ഞുതെളിയുന്നു, നിലാവുദിക്കുന്നു. പകലിനെക്കാൾ സുന്ദരിയാണോ രാത്രി?

ഞാൻ ഷഷ്ടിപൂർത്തിനിലാമുറ്റത്തുലാത്തി. ആ പിൻനിലാവ് വാടിയ മുല്ലപ്പൂപോലെ എന്നിൽ കുഴഞ്ഞുവീണു. ലോകം ഉറങ്ങുകയാണ്-ഉണരാൻവേണ്ടി!

**എം.ആർ.ബി.യുടെ ഉപന്യാസങ്ങൾ]**

**[എം.ആർ.ബി.**

## അവധാരണ ചോദ്യങ്ങൾ

- ഉഷസ്സന്ധ്യ സ്വർണച്ചൂലുമായി എന്നും കടന്നു വരുന്നു. എല്ലാം അടിച്ചുവാരുന്നു. എന്നിട്ടും അടിക്കാടുകൾ പോകുന്നില്ല. പാടുകൾ മായുന്നില്ല. - എന്താണ് ഈ വരികൾ ധ്വനിപ്പിക്കുന്നത്?
- എം.ആർ.ബി. യുടെ ഓർമയിൽ തെളിയുന്ന പിറന്നാൾ വിവരിക്കുക.
- ജീവിതം നൽകുന്ന എല്ലാ രസങ്ങളും ഒരുപോലെ ആസ്വദിക്കണമെന്ന് എം.ആർ.ബി. സ്ഥാപിക്കുന്നതെങ്ങനെ?
- സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ ലേഖകൻ നോക്കിക്കാണുന്നതെങ്ങനെ?
- എം.ആർ.ബി.യുടെ ജീവിതത്തെ സ്വാധീനിച്ച വ്യക്തികളെക്കുറിച്ച് വിവരിക്കുക.

■

# 6. അന്നത്തെ നാടകം

നാടകത്തിന്റെ കാര്യത്തിൽ ആ കലാരൂപവുമായുള്ള പരിചയത്തിലും ഇടപഴകലിലും ഞങ്ങടെ നാട്ടുകാർ കുറെയധികം പിന്നോക്കമാണെന്ന് ധരിച്ചെങ്കിൽ കുഴപ്പമില്ല. എന്നാൽ കഥകളി, കൃഷ്ണനാട്ടംകളി തുടങ്ങിയ ക്ലാസിക് കലകളിൽ ഞങ്ങളത്ര മോശക്കാരായിരുന്നില്ല. കടത്തനാടു കോവിലകം വക ഒരു കഥകളിയോഗമുണ്ടായിരുന്നു.

വേനൽക്കാലമായാൽ, പ്രമുഖ നായർത്തറവാടുകളിൽ യോഗം വക കഥകളി നടക്കാറുണ്ട്.

കടത്തനാട്ടു തമ്പുരാന്റെ ഭൂമി കുടിയാന്മാർക്കു ചാർത്തിക്കൊടുക്കുമ്പോൾ ചാർത്താധാരത്തിൽ കൗതുകകരമായ ഒരിനം എഴുതിച്ചേർക്കാറുണ്ടെന്നു കേട്ടിട്ടുണ്ട്. "കാലം തോറും ഇരുപത്തിയഞ്ചുറുപ്പികയും പത്തു നാളികേരവും മുൻചൂത് വെട്ടി മടഞ്ഞ ഓല അമ്പതും ഒരു പനസവും ഒരു കഥകളിയും ഇങ്ങ് 'പുക്കിച്ച്' ശീട്ടു വാങ്ങേണ്ടതാകുന്നു. " ഈ 'പുക്കി'ക്കേണ്ട വസ്തുക്കൾക്കു മുഴുവനും - കഥകളിയടക്കം - കോടതി ഒരു വില നിശ്ചയിച്ചിട്ടുണ്ട്. കഥകളി കളിപ്പിക്കാൻ സൗകര്യമില്ലാത്ത കുടിയാൻ കോടതിവില കൊടുത്താൽ മതി. അങ്ങനെ ആധാരനിശ്ചയപ്രകാരമാണോ എന്നു നിശ്ചയമില്ല, കൊല്ലത്തിൽ ഒന്നോ രണ്ടോ കഥകളി കാണാൻ ഞങ്ങൾക്കു സൗകര്യം കിട്ടിയിരുന്നു.

കൃഷ്ണനാട്ടംകളിയുടെ കാര്യം മറ്റൊരു രീതിയിലായിരുന്നു. അതെങ്ങനെ സംഭവിച്ചുവെന്ന് തെളിയിക്കാൻ രേഖകളില്ല. എട്ടെട്ടുകൊല്ലം കൂടുമ്പോൾ കൃഷ്ണാട്ടംകളി ഞങ്ങളുടെ പ്രദേശത്തെത്തുന്നു. തുണ്ടിയിൽ പുത്തലത്ത്, തുണ്ടിയിൽ പുനത്തിൽ എന്നിങ്ങനെ സ്ഥാനികളായവരുടെ തറവാടുകളിൽ എട്ടു കളി വീതം അരങ്ങേറുന്നു. മാമ്പഴക്കാലത്തിനൊപ്പമാണ് കൃഷ്ണാട്ടം കളി വരുന്നത്. പകൽ മുഴുവൻ കാറ്റു വരുന്നതും മാമ്പഴം വീഴുന്നതും കാത്തു മാഞ്ചുവട്ടിൽ ഞങ്ങൾ കുട്ടികൾ ഉത്സവം ആഘോഷിക്കാറുണ്ട്. സന്ധ്യയായാൽ കുളിച്ചു ഭസ്മക്കുറിവരച്ച് പാവുമുണ്ടും ചുറ്റി കൃഷ്ണാട്ടം കളിക്കു പുറപ്പെടുന്നു. കളിയാണെന്നു പറഞ്ഞിട്ടു കാര്യമില്ല. കുളിച്ച് അമ്പലത്തിൽ തൊഴാൻ പോകുന്നൊരു മട്ടുണ്ടതിന്. ഭക്തിവിഷയമല്ലേ. കഥ ശ്രീകൃഷ്ണന്റേതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം പോകാം. ഒരു നിയന്ത്രണവുമില്ല.

വീട്ടിലെ മുതിർന്നവർ കാലേക്കൂട്ടി കഥ പറഞ്ഞുതരും. കൂട്ടത്തിൽ എട്ടു ദിവസത്തെ ആട്ടം, ക്രമപ്രകാരം ഏതൊക്കെയാണെന്നു മനസ്സിലാക്കാനുള്ള ഒരു സൂത്രവും - 'അ-കാ-രാ-കം-സ്വ-ബാ-വി-സ്വ' അതാണു സൂത്രം. എട്ടക്ഷരം. എട്ടുദിവസത്തെ കഥയുടെ സൂചന: അ= അവതാരം, കാ=കാളിയ മർദനം, രാ=രാസക്രീഡ, കം=കംസവധം, സ്വ= (രുക്മിണി) സ്വയംവരം, ബാ=ബാണയുദ്ധം, വി=വിവിദവധം, സ്വ = സ്വർഗാരോഹണം.

എട്ടു ദിവസത്തെ കളി കഴിഞ്ഞു പിറ്റേന്നു രാവിലെ പെട്ടിയും ചുമന്നു കളിക്കാർ പുറപ്പെടുമ്പോൾ കണ്ണു നിറയും. തലേദിവസം രാത്രി സ്വർഗാരോഹണ വേളയിൽ കുറെ കരഞ്ഞതാണ്. എല്ലാം ശ്രീകൃഷ്ണനെച്ചൊല്ലിയുള്ള ദുഃഖം. ശ്രീകൃഷ്ണനെ പിരിയുന്നതിലുള്ള ദുഃഖം. അവതാരത്തിലെ കുഞ്ഞായിക്കണ്ട്, വിഷസർപ്പത്തിന്റെ ഫണത്തിലേറി നൃത്തം ചവിട്ടുന്നതു കണ്ട്, പലപല ദുഷ്ടന്മാരെ വകവരുത്തുന്നതു കണ്ട്, ഗോപസ്ത്രീകളുമായി രാസലീലയാടുന്നതു കണ്ട്- അങ്ങനെയങ്ങനെ അടുത്തു പരിചയിച്ച് ഞങ്ങൾ കുട്ടികളോടൊപ്പം ശ്രീകൃഷ്ണനുമുണ്ടെന്നൊരു തോന്നൽ.

കളി കഴിഞ്ഞു വീട്ടിലെത്തി ഉറങ്ങാൻ കിടക്കുമ്പോഴും ശ്രീകൃഷ്ണനെപ്പറ്റിയാണ് ചിന്ത. എവിടെയാകും കിടക്കുന്നത്? നല്ല മെത്തയുണ്ടോ? മേടച്ചൂടിൽ വീശിക്കൊടുക്കാനാളുണ്ടോ? ആലോചിച്ചാലോചിച്ച് ഉറങ്ങിപ്പോകും. രാവിലെ ഉണർന്നെണീറ്റാൽ വേഗം സന്ധ്യയാകാനുള്ള പ്രാർഥനയാണ്. സന്ധ്യയായാൽ നേരത്തേ

ചെന്നു മുമ്പിൽ സ്ഥലം പിടിക്കും. അങ്ങനെ ഒരിക്കൽ നാലു തറവാടുകളിൽ കയറിയിറങ്ങി മുടങ്ങാതെ മുപ്പത്തിരണ്ടു കളി ഞാൻ കാണുകയുണ്ടായി. അതോർക്കുമ്പോൾ ഇന്നും കണ്ണു നനയുന്നു. കൃഷ്ണനെയോർത്തും കൃഷ്ണനാട്ടത്തെക്കുറിച്ചോർത്തുമല്ല, ഇന്നത്തെ കുട്ടികളെയോർത്ത്. അവരറിയാതെ, അവരുടെ കുറ്റം കൊണ്ടല്ലാതെ അവർക്കു നഷ്ടപ്പെട്ടുപോയ സൗഭാഗ്യത്തെയോർത്ത്. കൃഷ്ണനാട്ടം അവർക്കു തിരിച്ചുകിട്ടുമാറാകട്ടെ എന്നു പ്രാർഥിക്കാനും ഇന്നു വയ്യ. അപ്പോൾ സാമൂതിരിവാഴ്ചയും സാമന്തപ്രഭുത്വവും ജന്മിത്വവും എട്ടുകെട്ടും നാലുകെട്ടും തറവാടും സ്ഥാനമാനങ്ങളുമൊക്കെ തിരിച്ചുവരട്ടെ എന്നും പ്രാർഥിക്കേണ്ടിവരില്ലേ? അതിനിഒട്ടും വയ്യല്ലോ.

കുഞ്ഞനന്തൻ നായരുടെ നേതൃത്വത്തിൽ തമിഴ് നാടകങ്ങൾ പ്രദർശിപ്പിക്കാൻ തുടങ്ങിയ കാര്യമാണല്ലോ പറഞ്ഞുവന്നത്. ഇടയിൽ വഴിവിട്ടല്പം സഞ്ചരിക്കേണ്ടിവന്നു. ഞങ്ങളുടെ പ്രദേശത്തു ധാരാളം ഇടവഴികളുണ്ട്. ഓരോ പുരയിടത്തിന്റെ അതിരിലും ആഴമേറിയ ഇടവഴിയാണ്. വീടുകൾ തിരിച്ചറിയാൻ ഉയർന്ന കോണിപ്പടവുകൾ ചവിട്ടിക്കയറി നോക്കണം. ഇല്ലെങ്കിൽ വഴി കറങ്ങേണ്ടി വരും. ഈ ഓർമകൾ പകർത്താൻ തൂലികയെടുത്തപ്പോൾ വഴിവിട്ടുള്ള ചുറ്റിക്കറങ്ങലുകൾ കുറേ വേണ്ടിവരുമെന്നു ഞാൻ ഭയപ്പെട്ടതാണ്. അതിവിടെ സംഭവിച്ചുപോയെങ്കിൽ ക്ഷമിക്കുക- നാടകപ്രദർശനത്തിലേക്കു തന്നെ മടങ്ങാം.

ഏഴു ദിവസം തുടർച്ചയായി തമിഴ്നാടകങ്ങൾ പ്രദർശിപ്പിച്ചു. 'നല്ലതങ്കാൾ', 'കോവലൻ ചരിതം', 'വള്ളിത്തിരുമണം' തുടങ്ങിയവ. ഏഴിനും ബഹുവർണ നോട്ടീസുകളുണ്ടായിരുന്നു. ജടുക്കവണ്ടിയും പാട്ടുമുണ്ടായിരുന്നു. നാടകങ്ങളെല്ലാം ജനം കൈയടിച്ചു സ്വീകരിച്ചു. ആഹ്ലാദിച്ചു ചിരിച്ചാസ്വദിച്ചു. 'നല്ലണ്ണ'നും 'നല്ലതങ്കാളും' 'കോവലനും' 'കണ്ണകി'യും എല്ലാം തകർത്തു പാടുകയും അരങ്ങു കുലുക്കി അഭിനയിക്കുകയും ചെയ്തെങ്കിലും ജനം പൂർണമായും അംഗീകരിച്ച് അഭിനന്ദിച്ചത് വിദൂഷകനെയായിരുന്നു.



അയാൾ ആസ്വാദകരുടെ അമ്പുറ്റ തോഴനായി എവിടെയും ഏതു മുഹൂർത്തത്തിലും ഓടിക്കയറിവരുന്നു; കഥ പറയുന്നു; പാട്ടു പാടുന്നു.

ഏഴു മക്കളെ കിണറ്റിൽ എറിഞ്ഞുകൊണ്ട് 'നല്ലതങ്കാൾ' ആത്മഹത്യചെയ്ത സന്ദർഭം. പ്രേക്ഷകർ ശ്വാസമടക്കിപ്പിടിച്ചിരിക്കുന്നു. ഇനി എന്തു സംഭവിക്കാൻ പോകുന്നു എന്നറിയാതെ നിശ്ചലരായിരിക്കുമ്പോൾ അതാ കടന്നുവരുന്നു ഒരു ആട്ടിടയൻ. അയാൾ കളിയോഗത്തിലെ വിദൂഷകനാകുന്നു. തോളിലൊരു കമ്പിളി മടക്കിത്തൂക്കിയിട്ടിട്ടുണ്ട്. തണുത്തുവിറച്ചുകൊണ്ടാണ് വരവ്. വന്നു ചുറ്റും നോക്കി. എവിടെയെങ്കിലും ഇത്തിരി ചൂട് കിട്ടാനുണ്ടോ എന്നാണ് നോട്ടം. അതു മനസ്സിലാക്കാൻ ഡയലോഗിന്റെ ആവശ്യമില്ല. നോക്കി നോക്കി, ഹാർമോണിസ്റ്റിന്റെ മേൽ ദൃഷ്ടി പതിഞ്ഞപ്പോൾ സംഗതി ആകെ മാറി. തണുത്തുവിറച്ച് കൂന്നുകൂന്നു നടന്ന ആൾ സ്പ്രിങ് ആക്ഷൻ കൊണ്ടെന്നപോലെ നിവരുന്നു. റിസ്റ്റ് വാച്ച്, കഴുത്തിലും കൈയിലും സ്വർണച്ചങ്ങല, പൊടിമീശ, സിൽക്കുജുബ്ബ, സ്വർണഫ്രെയിമുള്ള കണ്ണട, ഹാർമോണിയം ചക്രവർത്തിയുടെ രൂപം കണ്ണിലൂടെ അല്പാല്പമായി രുചിച്ചുകൊണ്ട് ആട്ടിടയനെന്ന വിദൂഷകൻ പതുക്കെപ്പതുക്കെ അയാളെ സമീപിക്കുന്നു. എന്നിട്ട് ആദരവോടെ ചോദിക്കുന്നു.

(സ്വരത്തിൽ ആദരവില്ല. അട്ടഹസിച്ചുതന്നെ പറയണം. ഇല്ലെങ്കിൽ തറട്ടിക്കറ്റുകാർ ഒന്നും കേൾക്കില്ല. മൈക്രോഫോണും ലൗഡ് സ്പീക്കറുമില്ലാത്ത കാലം).

"സ്നഫ് ഇര്ക്കാ"

ചോദ്യം തമിഴിലാണെങ്കിലും ജനം ആർത്തു ചിരിച്ചു. ചൂണ്ടുവിരലും തള്ളവിരലും ചേർത്ത് ഒരു നുള്ളു പുകയിലപ്പൊടിയെടുക്കുന്ന അഭിനയത്തോടെയാണ് ചോദ്യം. തണുപ്പകറ്റാൻ അത് അത്യാവശ്യമെന്നു ധരിപ്പിക്കുകയും ചെയ്യും. പിന്നെ ദീർഘനേരം ചിരി തന്നെ.

സന്ദർഭം ഒന്നുകൂടി വിശദീകരിക്കട്ടെ. രംഗത്തിന്റെ ഒരു കോണിൽ ഉയർത്തിക്കെട്ടിയ ആൾമറയുണ്ട്. ഒരു കിണർ അവിടെ ഉള്ളതിന്റെ സൂചന. നല്ലതങ്കാൾ ഓരോ കുട്ടിയെയും ഓടിച്ചിട്ടു പിടിച്ച് ആൾമറയ്ക്കപ്പുറത്തേക്കിടുന്നു. അപ്പോൾ തിരശ്ശീലയ്ക്കു പിറകിൽ നിന്ന് ആരോ വെള്ളം തേവി വിടുന്നു. ഒരു കുട്ടിയുടെ കഥകഴിഞ്ഞെന്നർഥം. അങ്ങനെ ഏഴു കുട്ടികളുടെ കഥകഴിക്കുന്നു. എട്ടാമതു നല്ലതങ്കാളും കിണറ്റിൽചാടുന്നു. അങ്ങനെ ഏഴും ഒന്നും എട്ട് ശവം കിടക്കുന്ന കിണറ്റിനടുത്തു നിന്നാണ് വിദൂഷകന്റെ ചോദ്യം.

"സ്നഫ് ഇര്ക്കാ?" മുക്കൂപ്പൊടിയുണ്ടോ എന്ന്? ജനത്തിന്റെ ചിരി! അവിടെ കഥയുടെ ഗതിയറ്റു നിലംപതിക്കുന്നു. ചിരിയടങ്ങി വീണ്ടും കഥയ്ക്കു ജീവൻ വയ്ക്കുന്നു. മിക്കവാറും എല്ലാ നാടകങ്ങളുടെ രീതിയും ഇതായിരുന്നു.

ഈ പരുവത്തിലുള്ള വിദൂഷകപ്രകടനത്തിനു മകുടം ചാർത്തിയ മറ്റൊരു സന്ദർഭം കൂടി ഇവിടെ വിവരിച്ചുകൊള്ളട്ടെ. കോവലൻ ചരിത്രമാണ് വിഷയം. എല്ലാവർക്കും അറിയാവുന്ന കഥ. നാടകം അതിന്റെ ക്ലൈമാക്സിലേക്കു നീങ്ങുകയാണ്. ചിലമ്പു കട്ട കുറ്റം ആരോപിച്ച് കോവലനെ വധശിക്ഷയ്ക്കു വിധിക്കുന്നു. ശിക്ഷ നടപ്പിലാക്കുന്നു. കണ്ണകിയുടെ രോഷം മധുരാപുരിയിൽ അഗ്നിപ്രളയമുണ്ടാക്കുന്നു. കള്ളം പറഞ്ഞ തട്ടാനെ വകവരുത്താൻ ശൂലവുമായി കണ്ണകി പാഞ്ഞടുക്കുന്നു. മുമ്പിൽ തട്ടാൻ; പിറകിൽ തീപാറുന്ന ശൂലവുമായി കണ്ണകി. രംഗം സജീവം. തട്ടാൻ വേദി ചുറ്റി ഓടുന്നു. തൊട്ടുതൊട്ടില്ലെന്ന മട്ടിൽ കണ്ണകി പിറകെയുണ്ട്. ഇപ്പോൾ കഥകഴിയുമെന്ന് വിശ്വസിച്ച് കാത്തിരിക്കുന്ന ജനം. പിടി കൊടുക്കാതെ തട്ടാൻ ഓടുകയാണ്. കൊല്ല് കൊല്ലെന്ന് ജനം ആർത്തുവിളിക്കുന്നു. തട്ടാന്റെ ഭാഗം അഭിനയിക്കുന്നത് വിദൂഷകനായതുകൊണ്ട് അത്ര വേഗം കൊല്ലാൻ പറ്റുകയില്ല. ഈ മരണവെപ്രാളത്തിലും വിദൂഷകന്റെ നോട്ടം ജനങ്ങളെ ചിരിപ്പിക്കാനെന്തുണ്ട് വഴിയെന്നാണ്. ഉടനെ അവന്റെ മഹാപ്രതിഭ ഉചിതമായ ഒരു വഴി കണ്ടുപിടിച്ചു.

ഓടിയോടി സദസ്സിലേക്കവൻ എടുത്തു ചാടുന്നു. എന്നിട്ട് മുൻവരിയിൽത്തന്നെ മാന്യസ്ഥാനത്തിരിക്കുന്ന സ്ഥലത്തെ മുൻസിഫിന്റെയും ഭാര്യയുടെയും ഇടയിൽ തറയിൽ ചമ്രം പടിഞ്ഞങ്ങിരിക്കുന്നു. 'ഉം! കാണട്ടെ നിന്റെ വധ'മെന്ന മട്ടിൽ കണ്ണകിയെ നോക്കുന്നു. കണ്ണകിക്ക് അവന്റെ പിറകേ ചാടാൻ പറ്റുമോ? ചാടിയില്ലെങ്കിൽ തട്ടാനെ വധിക്കാൻ പറ്റുമോ? തട്ടാനെ വധിച്ചില്ലെങ്കിൽ നാടകം അവസാനിക്കുമോ? വല്ലാത്ത പ്രതിസന്ധി. ജനം ഒന്നായെഴുന്നേറ്റു നിന്ന് ആർത്തു ചിരിച്ചുകൊണ്ട് തട്ടാനെ നോക്കുന്നു. കണ്ണകി ചാടി വന്നാൽ തട്ടാനൊപ്പം തങ്ങളെയും വധിക്കുമോ എന്നു ശങ്കിച്ച് മുൻസിഫും ഭാര്യയും പരുങ്ങുന്നു. ഉത്കണ്ഠയുടെ കനം തൂങ്ങിയ നിമിഷങ്ങൾ. ഒടുവിൽ സ്റ്റേജ് മാനേജരും സ്ഥലത്തെ ചില ദിവ്യന്മാരും ചേർന്നു സന്ധി പറഞ്ഞ് തട്ടാനെ വേദിയിലെത്തിക്കുന്നു. വധകർമം നടക്കുന്നു, ശുഭമായി അവസാനയവനിക വീഴുന്നു.

**അരങ്ങു കാണാത്ത നടൻ] [തിക്കോടിയൻ**

## അവധാരണ ചോദ്യങ്ങൾ

- കൊല്ലത്തിൽ ഒന്നോ രണ്ടോ കഥകളി കാണാൻ ഞങ്ങൾക്കു സൗകര്യം കിട്ടിയിരുന്നു - എങ്ങനെ?
- കൃഷ്ണനാട്ടം ഇന്നത്തെ കുട്ടികൾക്കു തിരിച്ചു കിട്ടട്ടെ എന്നു പ്രാർഥിക്കാൻ കഴിയില്ല എന്നു ലേഖകൻ പറയുന്നതെന്തുകൊണ്ട്?
- വിദൂഷകൻ ആസ്വാദകരുടെ അൻപുറ്റ തോഴനായിത്തീർന്നതെങ്ങനെ?
- നാടകത്തിന്റെ കഥാഗതിയിൽനിന്നു വിട്ടുപോലും വിദൂഷകൻ സദസ്യരെ ചിരിപ്പിക്കുന്നതെങ്ങനെ?

■

## പഠനപ്രവർത്തനങ്ങൾ

### ❑ ആശയം വിശദമാക്കുക

- കാളിദാസ കൃതിയുടെ സത്തു പിഴിഞ്ഞു ണ്ടാക്കിയതാണ് കുമാരനാശാന്റെ നളിനി.

### ❑ അലങ്കാരഭംഗി വിശദമാക്കുക

- ഈ രാജ്യത്തിന്റെ വടക്കേ അറ്റത്ത് നമ്മുടെ നൂലാമാലകളിൽ നിന്നെല്ലാം പിൻവാങ്ങി ഉയർന്നുയർന്നങ്ങനെ പോയി മേഘവീഥി യെയും പിന്നിട്ട് മാനസസരസ്സിലെ ഹംസങ്ങ ളുമായി ബ്രഹ്മാണ്ഡതത്ത്വങ്ങളെക്കുറിച്ചാ ലോചിച്ചങ്ങനെ നിൽക്കുന്ന ഹിമവാനെ കാണുമ്പോൾ ഇന്ത്യയുടെ അധ്യാത്മ സമ്പ ത്താകെ ഒരിടത്തു കൂമ്പാരം കൂട്ടിയതു പോലെ തോന്നും.
- ഞാൻ ഭർത്താവും അച്ഛനും മുത്തച്ഛനുമായി -മുളച്ചില വിരിഞ്ഞു; പൂത്തു കായ്ച്ചു; വീണ്ടും മുളയ്ക്കാനുള്ള വിത്തായിത്തീരും പോലെ.
- അലങ്കാരഭംഗിയുള്ള രചനകൾക്ക് കൂടുതൽ ഉദാഹരണങ്ങൾ പാഠത്തിൽ നിന്നു കണ്ടെത്തൂ.

### ❑ ഔചിത്യം വിശദമാക്കുക

- ഉഷസ്സന്ധ്യ സ്വർണച്ചൂലുമായി എന്നും കടന്നു വരുന്നു. എല്ലാം അടിച്ചുവാരുന്നു. എന്നിട്ടും അടിക്കാടുകൾ പോകുന്നില്ല, പാടുകൾ മായു ന്നില്ല.

### ❑ വായനക്കുറിപ്പ്

നാടകാവതരണവുമായി ബന്ധപ്പെട്ട രസക രമായ ഒരനുഭവമാണ് തിക്കോടിയൻ ‘അര ങ്ങു കാണാത്ത നടനി’ൽ വിവരിക്കുന്നത്. കലാകാരന്മാർ എഴുതിയിട്ടുള്ള ഇത്തരം അനുഭവക്കുറിപ്പുകൾ വേറെയുമുണ്ട്. അവ വായിച്ച് കുറിപ്പുകൾ തയാറാക്കുക. (കലാ മണ്ഡലം കൃഷ്ണൻ നായർ, പല്ലാവൂർ അപ്പുമാരാർ, കൊടിയേറ്റം ഗോപി, കാമ്പി ശ്ശേരി കരുണാകരൻ തുടങ്ങിയവരുടെ രചനകൾ പ്രയോജനപ്പെടുത്താം.)

### ❑ പദശേഖരണം

മാതൃക :

- ചാർത്താധാരം - കുടിയാന് ജന്മി ഭൂമി നൽകുമ്പോൾ ചമയ്ക്കുന്ന പ്രമാണം.

  ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ഇത്തരം പദങ്ങൾ ശേഖരിച്ച് കുറിപ്പ് എഴുതുക.

### ❑ കുറിപ്പ് തയാറാക്കുക

- കറുത്തപക്ഷത്തിലെ നിലാവാണ് പിൻനിലാ വ്. വെളുത്തവാവ് കഴിഞ്ഞാൽ ചന്ദ്രോദയം രണ്ടു നാഴിക വീതം വൈകിക്കൊണ്ടിരിക്കും. കറുത്തവാവിന് മുൻപുള്ള ദിവസങ്ങളിൽ വളരെ വൈകിയാണ് ചന്ദ്രൻ ഉദിക്കുന്നത്. ഇവിടെ ഷഷ്ടിപൂർത്തിയിൽ എത്തിയ എം. ആർ.ബി. തന്റെ അനുഭവങ്ങൾ വിവരിക്കു മ്പോൾ 'പിൻനിലാവ്' എന്ന് പ്രയോഗിക്കുന്നത് ജീവിതാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാഹിത്യകൃതികളിൽ ഉപയോഗിക്കുന്ന ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി കുറിപ്പെ ഴുതുക.
- "തിങ്ങിപ്പൊങ്ങും തമസ്സിൽ കടലിലൊരു കുടം പോലെ ഭൂചക്രവാളം" എന്നു തുടങ്ങുന്ന ഒരു വിലാപത്തിലെ പശ്ചാത്തലവർണനയ്ക്ക് കവി തയിലെ ഭാവവുമായുള്ള ബന്ധം കണ്ടെത്തി കുറിപ്പെഴുതുക.

### ❑ അനുഭവവിവരണം

- നിങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സന്ദർഭം കാവ്യാത്മകമായി വിവരിക്കുക.

### ❑ യാത്രാവിവരണം തയാറാക്കുക

മാതൃക : മഴ തോർന്നപ്പോൾ ഞങ്ങൾ യാത്ര തുടർന്നു. കുറേശ്ശെ നാട്ടുവെളിച്ചമുണ്ട്.

പിന്നെയും ഇടവഴികൾ തന്നെ. ഇടവഴികളുടെ ഇരുവശങ്ങളിലും കാണുന്ന പറമ്പുകളുടെ ആകൃ തിയും പ്രകൃതിയും അവിടെ തഴച്ചു വളർന്നു നിൽക്കുന്ന സസ്യവർഗങ്ങളുടെ സുപരിചിതത്വവും മലയാളിയായ എന്നെ ആശ്ചര്യഭരിതനാക്കി ത്തീർത്തു. ആ തൊടികൾ കേരളത്തിൽ നിന്ന് അങ്ങ നെതന്നെ അടർത്തിക്കൊണ്ടുവന്ന് ഇവിടെ പ്രതിഷ്ഠി

ച്ചതാണെന്നേ തോന്നൂ. തെങ്ങും കവുങ്ങും മാവും പ്ലാവും ആ പറമ്പുകളിൽ തലപൊക്കിനിൽക്കുന്നു. പടർന്നു പന്തലിച്ചു കിടക്കുന്ന കടപ്ലാവുകൾ അവിടവിടെ ഇരുണ്ട മണ്ഡലങ്ങൾ വിരചിക്കുന്നു. ചില തൊടികളിൽ വെറ്റിലക്കൊടികളുമുണ്ട്. വാഴകളും മാതളമരങ്ങളും പപ്പായമരങ്ങളും എല്ലാപ്പറമ്പുകളിലും സുലഭമായിക്കാണാം. കേരളത്തിന്റേതല്ലാത്ത ഒരു മരം ഞാനവിടെ കണ്ടത് മാങ്കോസ്റ്റീൻ മാത്രമാണ്.

മതിൽമൂലകളിൽനിന്ന് പച്ചവില്ലീസുതൊങ്ങലുകൾപോലെ ഇല്ലിക്കൂട്ടങ്ങൾ ഇടവഴിയിലേക്കു തള്ളിനിൽക്കുന്നു. അവയ്ക്കരികെ കരളകത്തിന്റെയും നീലശംഖുപുഷ്പത്തിന്റെയും വള്ളികൾ കെട്ടിപ്പടർന്നുനിൽക്കുന്നു.

തറവാട്ടുവളപ്പുകൾക്ക് ബാലിമുദ്ര ചാർത്തിക്കൊടുക്കുന്നത് 'മേരു'ക്കളാണ്. പിതൃക്കൾക്ക് സങ്കൽപിച്ചുവെച്ചിരിക്കുന്ന പൊക്കത്തിലുള്ള ഓലപ്പുരകളാണ് മേരുക്കൾ. മണ്ഡപപ്പുരയുടെ മൂർധാവിൽ തട്ടുതട്ടായി കെട്ടിപ്പൊക്കിയ മേൽപ്പുരകൾ മേരുക്കളുടെ ഒരു പ്രത്യേകതയാണ്. മേൽപ്പോട്ടു ചെല്ലുന്തോറും വ്യാസം ചുരുങ്ങിച്ചുരുങ്ങിവരുന്ന ഇറകളോടുകൂടിയ ഈ മേൽപ്പുര പരമ്പരകളുടെ എണ്ണം അഞ്ച്, ഏഴ്, ഒമ്പത്, പതിനൊന്ന്, പതിമ്മൂന്ന് അങ്ങനെ ഒറ്റസംഖ്യയിലവസാനിക്കണമത്രേ.

* * * * * *

മുകളിൽക്കൊടുത്ത യാത്രാവിവരണത്തിൽ എസ്.കെ.പൊറ്റെക്കാട് ചിത്രീകരിക്കുന്ന ബാലിദ്വീപിന്റെ സവിശേഷതകൾ കണ്ടെത്തുക. ഇതുപോലെ സംസ്കാരവുമായി ബന്ധപ്പെട്ട ഘടകങ്ങൾ അനാവരണം ചെയ്യുന്നവിധം ഒരു യാത്രാവിവരണം രചിക്കുക.

### ❑ കൗതുകവാർത്ത തയാറാക്കുക

- അന്നത്തെ നാടകം എന്ന ഉപന്യാസത്തിലെ ഒരു രംഗം അടിസ്ഥാനമാക്കി കൗതുകവാർത്ത തയാറാക്കുക.

### ❑ കാർട്ടൂൺ ശേഖരിക്കുക

- സാമൂഹിക പ്രാധാന്യമുള്ള കാർട്ടൂണുകൾ ശേഖരിച്ച് അവ വെളിപ്പെടുത്തുന്ന സന്ദേശം വിവരിക്കുക.

### ❑ സംക്ഷിപ്തരൂപങ്ങൾ കണ്ടെത്തി വിശദീകരിക്കുക

മാതൃക : അ-കാ-രാ-കം-സ്വ-ബാ-വി-സ്വ

- അവതാരം, കാളിയമർദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗാരോഹണം (കൃഷ്ണനാട്ടം)

- ബാലകനയോധ്യയി
  ലാരണ്യം പുക്കശേഷം

  കിഷ്കിന്ധാരാജനോടു
  സുന്ദരൻ യുദ്ധം ചെയ്തു.

(രാമായണത്തിലെ കാണ്ഡങ്ങൾ സൂചിപ്പിക്കുന്നു.)

- ഐരാസ - ഐക്യരാഷ്ട്രസഭ

  - ഇത്തരം കൂടുതൽ സംക്ഷിപ്തരൂപങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

### ❑ ജീവചരിത്രക്കുറിപ്പ് തയാറാക്കുക

താഴെ കൊടുത്തിട്ടുള്ള ആത്മകഥാഭാഗം വായിക്കുക. ആശയം മലയാളത്തിൽ കുറിക്കുക. അത് ജീവചരിത്രക്കുറിപ്പായി മാറ്റി എഴുതുക.

Those were days in which the poet himself was one of the teachers in Santiniketan. He sat with students of different age levels from time to time and taught them under the shade of trees. He was most at home with little children to whom he would tell stories interspersed with songs and recitations of his own poems. How the children would sit around and look at him and listen to him with a concentration which we elder students could never achieve. There would come roars of laughter from the children in which he would join them. With the elder students he was naturally more solemn and went deeper into any subject he taught. He took some classes for the senior students in the Visva Bharati on Shelley and Keats and Browning. He confessed that while Wordsworth and Keats

were his favourite English poets in earlier days, he came to admire more and more Shelley and Browning. This was one of the rare occasions when he taught us in English. He took his classes mostly in Bengali and even when he taught about European thinkers, poets and artists, he would speak only in Bengali.

At the weekly prayers in the steel-and-glass Brahmo-Mandir every Wednesday he would give a religious talk, taking up slokas from the Upanishads and quotations from the great religious scriptures of different religions. Every one of these talks was in Bengali. He was soaked in the philosophy of the Upanishads and was the living embodiment of their spirituality. When he took a class, he welcomed questions, in fact he provoked doubts and challenges, and then answered with undisguised candour and freshness of mind.

When I asked him why he turned to Browning later in life he answered with a smile that one never could give the reason, just as one never could say when looking at the sunrise or the sunset, why one sometimes loved to look at the softer and simpler play of colours and sometimes at the many splendoured display of deeper colours in the sky. I enjoyed along with my fellow students this fine explanation but was not sure that I got the answer to my question. He would not go further into the matter and only added that in our love of poets and poems, of paintings and songs, our hearts would be plucked by different shades and tones of meaning and beauty at different times. This did not necessarily imply any superiority or inferiority of any of them. It was largely a question of our own emotions and moods of thought and responses.

**Adventuring with life) (Dr.G.Ramachandran**

### ❑ പട്ടികപ്പെടുത്തുക

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിലെ കർത്താവ്, കർമം, ക്രിയ എന്നിവ വേർതിരിച്ച് പട്ടികപ്പെടുത്തുക.

- ആർക്കായാലും കാര്യങ്ങൾ സുഗ്രഹമായി ത്തീരും.
- അവർ വലിച്ചു കയറ്റും സകലവും.
- ആര്യന്മാർ ഇതര ദേശീയരെക്കാളധികം ബ്രാഹ്മണ്യം പുലർത്തിയതായി തോന്നുന്നു.
- ഞാൻ അമ്മയെ കാത്തിരിക്കുകയാണ്.
- ജീവിതമെന്നെ താലോലിക്കുകയും തല്ലു കയും ചെയ്തു.
- കാട്ടുവള്ളിപോലെ പടർന്ന ഞാൻ പൂങ്കാവിൽ വളരുന്ന വല്ലികളെ കണ്ടു.
- ജനം ഒന്നായെഴുന്നേറ്റു നിന്ന് ആർത്തുചിരി ച്ചുകൊണ്ട് തട്ടാനെ നോക്കുന്നു.

### ❑ ശേഖരിക്കുക

- പാഠഭാഗങ്ങളിൽനിന്ന് ലിംഗഭേദം കുറിക്കുന്ന പദങ്ങൾ ശേഖരിക്കുക.
- വചനഭേദം കുറിക്കുന്ന പദങ്ങൾ ശേഖരിക്കുക.

### ❑ വാക്യങ്ങൾ ക്രമപ്പെടുത്തുക

ഉചിതമായ പ്രത്യയങ്ങൾ ചേർത്ത് വാക്യ ങ്ങൾ ശരിയാക്കുക.

- ഈ രാജ്യം കിഴക്കാണ് ആ പട്ടണം സ്ഥിതി ചെയ്യുന്നത്.
- ഞങ്ങൾ പ്രദേശത്ത് ധാരാളം ഇടവഴികളുണ്ട്.
- കുളിച്ച് അമ്പലം തൊഴാൻ പോകുന്ന ഒരു മട്ടുണ്ടതിന്.
- ഉം, കാണട്ടെ നിന്റെ വധമെന്ന മട്ടിൽ അവൻ കണ്ണുകി നോക്കുന്നു.

### ❑ പ്രോജക്റ്റ്

- വിഭക്തിപ്രത്യയം ചേർത്തിട്ടുള്ള ഉദാഹ രണങ്ങൾ പാഠങ്ങളിൽനിന്നു കണ്ടെത്തുക. സമാനതകളുടെ അടിസ്ഥാനത്തിൽ തരംതി രിക്കുക. അപഗ്രഥിച്ച് നിയമങ്ങൾ എഴുതുക.

## ❑ വാക്യങ്ങൾ എഴുതാം

- ശ്രീലത - രാജം - ബുക്ക് - കൊടുത്തു

ഈ വാക്കുകൾ ചേർത്ത് എത്ര വാക്യങ്ങൾ രചിക്കാം?

ഏതൊക്കെ വിഭക്തി പ്രത്യയങ്ങൾ ചേർത്തു? (ആവശ്യമെങ്കിൽ വാക്കുകളുടെ ക്രമം മാറ്റാം.)

## ❑ താരതമ്യം ചെയ്യുക.

- "ഈ രാജ്യത്തിന്റെ വടക്കേ അറ്റത്ത് നമ്മുടെ നൂലാമാലകളിൽ നിന്നെല്ലാം പിൻവാങ്ങി ഉയർന്നുയർന്നങ്ങനെ പോയി മേഘവീഥിയെയും പിന്നിട്ടു മാനസസരസ്സിലെ ഹംസങ്ങളുമായി ബ്രഹ്മാണ്ഡതത്ത്വങ്ങളെക്കുറിച്ചാലോചിച്ചങ്ങനെ നിൽക്കുന്ന ഹിമവാനെ കാണുമ്പോൾ ഇന്ത്യയുടെ അധ്യാത്മ സമ്പത്താകെ ഒരിടത്തു കൂമ്പാരം കൂട്ടിയതുപോലെ തോന്നും."

- ഈ വാക്യം ചെറുവാക്യങ്ങളാക്കി മാറ്റിയെഴുതുക.

മാതൃക :

ഈ രാജ്യത്തിന്റെ വടക്കേയറ്റത്താണ് ഹിമാലയം. അത് നമ്മുടെ നൂലാമാലകളിൽ നിന്നെല്ലാം പിൻവാങ്ങി നിൽക്കുന്നു.........

- ഇങ്ങനെ മാറ്റിയെഴുതിയ വാക്യങ്ങളും ആദ്യത്തെ നീണ്ടവാക്യവും താരതമ്യം ചെയ്യുക. സന്ദർഭത്തിന് ഏറ്റവും ഇണങ്ങുന്ന രീതി ഏതാണ്? എന്തുകൊണ്ട്?

## ❑ അന്വേഷണക്കുറിപ്പ് എഴുതുക

വിഷയം : ഗൃഹനിർമാണം, ഗാർഹികോപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉപയോഗിച്ചിരുന്ന പദങ്ങളും പിൽക്കാലത്ത് അവയുടെ രൂപഭാവങ്ങളിൽ വന്ന മാറ്റവും

മാതൃക : നിലാമുറ്റം - പഴയകാലത്തെ മാളികയിൽ ഉണ്ടാക്കിയിരുന്ന തുറസ്സായ സ്ഥലം. ഇന്നത്തെ ബാൽക്കണിക്ക് സമാനമായത്.

❀❀❀❀❀❀